**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.**4380** **26.06.2014** -ലെ മറുപടിയ്ക്ക്

## പുതിയ ആർട്സ് & സയൻസ് കോളേജുകളിലെ തസ്തിക സൃഷ്ടിക്കൽ

*ചോദ്യം*
ശ്രീ. സി. കൃഷ്ണൻ

*ഉത്തരം*
ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സർക്കാർ പുതുതായി പ്രഖ്യാപിച്ച ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജുകൾ ഏതെല്ലാം മണ്ഡലങ്ങളിൽ അനുവദിച്ച് ഉത്തരവായിട്ടുണ്ടെന്ന് അറിയിക്കാമോ; | (എ) | 1. താനൂർ<br>2. കൊടുവള്ളി<br>3. കൊണ്ടോട്ടി<br>4. മങ്കട<br>5. ബാലുശ്ശേരി<br>6. തൃത്താല<br>7. ചേലക്കര<br>8. കാട്ടാക്കട<br>9. തലശ്ശേരി<br>10. പയ്യന്നൂർ<br>11. നെയ്യാറ്റിൻകര<br>12. നാദാപുരം<br>13. കോങ്ങാട്<br>എന്നീ മണ്ഡലങ്ങളിൽ സർക്കാർ കോളേജും വേങ്ങര മണ്ഡലത്തിൽ എയ്ഡഡ് കോളേജുമാണ് ആരംഭിച്ചത് |
| (ബി) | ഏതെല്ലാം മണ്ഡലങ്ങളിലെ കോളേജുകളാണ് ഇതുവരെയായും അനുവദിക്കാത്തതെന്നും അതിന്റെ കാരണമെന്തെന്നും വിശദമാക്കാമോ; | (ബി) | ഉദുമ, തവനൂർ, മലമ്പുഴ, ആലത്തൂർ, ഒല്ലൂർ, വൈപ്പിൻ, കരുനാഗപ്പള്ളി, കുന്ദമംഗലം എന്നീ മണ്ഡലങ്ങളിലാണ് കോളേജുകൾ അനുവദിക്കാനുള്ളത്.<br>കോളേജ് അനുവദിക്കേണ്ട സ്ഥലം സംബന്ധിച്ച തർക്കം മൂലമാണ് ഉദുമ മണ്ഡലത്തിൽ അനുവദിക്കാത്തത്. തവനൂർ മണ്ഡലത്തിൽ കോളേജ് അനുവദിക്കുന്ന കാര്യം അന്തിമ ഘട്ടത്തിലാണ്. കുന്ദമംഗലത്ത് കോളേജ് |

| | | | |
|---|---|---|---|
| | | | അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു. മറ്റ് മണ്ഡലങ്ങളിൽ കോളേജിനാവശ്യമായ സ്ഥലം തുടങ്ങിയവ സംബന്ധിച്ച വ്യക്തമായ പ്രൊപ്പോസൻ ലഭിക്കാത്തതുകാരണമാണ് അനുവദിക്കാത്തത്. |
| (സി) | അനുവദിച്ച കോളേജുകളിൽ അദ്ധ്യാപക – അനദ്ധ്യാപക തസ്തികകൾ സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ടോ; പകർപ്പ് ലഭ്യമാക്കുമോ; | (സി) | അദ്ധ്യാപക അനദ്ധ്യാപക തസ്തിക സൃഷ്ടിച്ച് ഉത്തരവായിട്ടുണ്ട്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു. |
| (ഡി) | തസ്തികകൾ പൂർണ്ണമായും അനുവദിക്കാത്ത കോളേജുകൾ ഏതെല്ലാമാണെന്നും ഏതെല്ലാം തസ്തികകളാണ് അനുവദിക്കാൻ ബാക്കിയുള്ളതെന്നും അറിയിക്കാമോ; | (ഡി) | അനുവദിച്ച 13 കോളേജുകളിൽ കോങ്ങാട് ഒഴികെയുള്ള കോളേജുകളിൽ മുഴുവൻ അദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട് . കോങ്ങാട് മണ്ഡലത്തിൽ അനുവദിച്ച കോളേജിന് മലയാള വിഭാഗത്തിൽ ഒരു അദ്ധ്യാപകനെ മാത്രമേ നിയമിച്ചിട്ടുള്ളു. കൂടാതെ ആറ് ആർട്സ് & സയൻസ് കോളേജുകൾക്ക് അനദ്ധ്യാപക തസ്തികകളും അനുവദിച്ചിട്ടുണ്ട്.<br><br>താനൂർ, കാട്ടാക്കട, തലശ്ശേരി, പയ്യന്നൂർ , നെയ്യാറ്റിൻകര, കോങ്ങാട് , നാദാപുരം എന്നീ മണ്ഡലങ്ങളിൽ അനുവദിച്ച കോളേജുകൾക്ക് അനദ്ധ്യാപക തസ്തിക സൃഷ്ടിക്കേണ്ടതുണ്ട്. |
| (ഇ) | പ്രസ്തുത തസ്തികകൾ അനുവദിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഇ) | തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. |

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4992 30.06.2014 -ലെ മറുപടിയ്ക്ക്**

**ഹയർ സെക്കന്ററി (സുവോളജി) അദ്ധ്യാപകരുടെ ഒഴിവുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ആർ. സെൽവരാജ് | | ശ്രീ. ഉമ്മൻചാണ്ടി (ബഹു: മുഖ്യമന്ത്രി) | |
| (എ) | നിലവിൽ ഹയർ സെക്കന്ററി (സുവോളജി) അദ്ധ്യാപകരുടെ നിയമനത്തിനുള്ള പി.എസ്.സി. ലിസ്റ്റ് നിലവിലുണ്ടോ ; | (എ) (ബി) (സി) | വിവരം ശേഖരിച്ചു വരുന്നു. |
| (ബി) | ഉണ്ടെങ്കിൽ പ്രസ്തുത ലിസ്റ്റിൽ നിന്ന് എത്ര ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ; | | |
| (സി) | സംസ്ഥാനത്തൊട്ടാകെ പ്രസ്തുത തസ്തികയിൽ എത്ര ഗസ്റ്റ് ലക്ചറർമാർ സേവനമനുഷ്ഠിക്കുന്നു എന്ന് അറിയിക്കുമോ ; | | |
| (ഡി) | പ്രസ്തുത ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ ? | (ഡി) | പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യാൻ കഴിയുന്ന ഒഴിവുകൾ എല്ലാം റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം : 5317 | 01. 07. 2014 ൽ മറുപടിക്ക്

## വൈദ്യുതിബോർഡിലെ നിയമനങ്ങൾ

ചോദ്യം | ഉത്തരം

ശ്രീ. റ്റി. വി. രാജേഷ്

ശ്രീ. ആര്യാടൻ മുഹമ്മദ്
(ഊർജ്ജ വകുപ്പ് മന്ത്രി)

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| (എ) | വൈദ്യുതി ബോർഡിലെ വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി ഇപ്പോൾ ഏതൊക്കെ റാങ്ക് ലിസ്റ്റുകളാണ് നിലവിലുള്ളത്; വിശദാംശങ്ങൾ നൽകുമോ; എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട് ; | (എ) | നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. പി.എസ്.സിയിൽ നിന്നും അഡൈ്വസ് ലിസ്റ്റ് ലഭിച്ച പ്രകാരം 8 ഡിവിഷണൽ അക്കൗണ്ടന്റുമാരെയും 1345 ഇലക്ട്രിസിറ്റി വർക്കർമാരെയും കെ.എസ്.ഇ.ബിയിൽ ഇപ്പോൾ നിയമിച്ചിട്ടുണ്ട് |
| (ബി) | കെ. എസ്.ഇ.ബി യിലെ ലൈൻമാൻ, മസ്ദൂർ ഉൾപ്പെടെയുള്ള തസ്തികകളിലേക്കുള്ള ഒഴിവുകൾ യഥാസമയം പി. എസ്. സി. യെ അറിയിക്കുന്നതിൽ വീഴ്ച വരുത്തുന്നതിന്റെ കാരണം അറിയിക്കുമോ; വൈദ്യുതി ബോർഡിൽ നിയമന നിരോധനം നിലവിലുണ്ടോ ;; | (ബി) | ഒഴിവുകൾ പി.എസ്.സിയെ അറിയിക്കുന്നതിൽ വീഴ്ച വരുത്തിയിട്ടില്ല. കെ.എസ്.ഇ.ബിയിൽ നിയമന നിരോധനമില്ല |
| (സി) | കെ. എസ്.ഇ.ബി യിലെ നിയമനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ? | (സി) | നിയമനങ്ങൾ ത്വരിതപ്പെടുത്തി നടത്തുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# വൈദ്യുതി ബോർഡിലെ വിവിധ തസ്തികകളിലേക്ക് നിയമനം നടത്തുന്നതിനായി ഇപ്പോൾ നിലവിലുള്ള റാങ്ക് ലിസ്റ്റുകളുടെ വിശദാംശങ്ങൾ

| കാറ്റഗറി നമ്പർ | തസ്തിക | ജില്ല | റാങ്ക് ലിസ്റ്റ് നിലവിൽ വന്ന തീയതി | നിയമന ശുപാർശ നൽകിയ ഉദ്യോഗാർത്ഥികളുടെ എണ്ണം |
|---|---|---|---|---|
| 53/09 | ഡിവിഷണൽ അക്കൗണ്ടന്റ് | സംസ്ഥാന തലം | 06/02/14 | 8 |
| 11/2011 | മസ്ദൂർ | തിരുവനന്തപുരം | 30/09/13 | 75 |
| 11/2011 | മസ്ദൂർ | കൊല്ലം | 30/09/13 | നിയമന ശുപാർശ ആരംഭിച്ചിട്ടില്ല. |
| 11/2011 | മസ്ദൂർ | തൃശ്ശൂർ | 30/09/13 | 285 |
| 11/2011 | മസ്ദൂർ | പാലക്കാട് | 30/09/13 | നിയമന ശുപാർശ ആരംഭിച്ചിട്ടില്ല. |
| 11/2011 | മസ്ദൂർ | കോഴിക്കോട് | 30/09/13 | 224 |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. T5939 7/07/2014 ൽ മറുപടിക്ക്

## മെട്രോപൊളിറ്റൻ കമ്മീഷണറേറ്റ്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. സി. ദിവാകരൻ : | | ശ്രീ.മഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പുമന്ത്രി) |
| (എ) | തിരുവനന്തപുരം, കൊച്ചി നഗരങ്ങളിൽ മെട്രോപൊളിറ്റൻ കമ്മീഷണറേറ്റ് രൂപീകരിക്കാനുള്ള തീരുമാനം ഇപ്പോൾ ഏതുഘട്ടത്തിലാണ്; | (എ) | ഇക്കാര്യത്തിൽ തീരുമാനമെടുത്തിട്ടില്ല |
| (ബി) | പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിലുള്ള തടസ്സങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ? | (ബി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യംനമ്പർ. 5946 7/07/2014 ൽ മറുപടിക്ക്

പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.എം. ഉമ്മർ : | | ശ്രീമഞ്ഞളാംകുഴി അലി (നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) | |
| (എ) | പ്രാഥമികാവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗകര്യങ്ങൾ വഴിയോരങ്ങളിൽ സ്ഥാപിക്കേണ്ടത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ഉത്തരവാദിത്വത്തിൽപെടുന്നതാണോയെന്നറിയിക്കുമോ ; | (എ) | കേരളാ മുനിസിപ്പാലിറ്റി ആക്ട്, പഞ്ചായത്ത് രാജ് ആക്ട് എന്നിവ പ്രകാരം യുക്തവും സൗകര്യ പ്രദവുമായ സ്ഥലങ്ങളിൽ വേണ്ടത്ര പൊതു കക്കൂസുകൾ ഏർപ്പെടുത്തുകയും പരിപാലിക്കുകയും ചെയ്യുന്നതിനുള്ള ഉത്തരവാദിത്വം തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കുണ്ട്. |
| (ബി) | നിലവിലുള്ള പ്രാഥമികാവശ്യങ്ങൾക്കുള്ള കേന്ദ്രങ്ങൾ രോഗം പരത്തുന്ന കേന്ദ്രങ്ങളായി മാറിയിട്ടുണ്ടെന്നതും പൊതുജനങ്ങളിൽനിന്ന് പണം പിരിച്ചെടുക്കുന്നതിൽ പ്രസ്തുത കേന്ദ്രങ്ങളുടെ കോൺട്രാക്ടർമാർ നീതി രഹിതമായി പ്രവർത്തിക്കുന്നുവെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ബി) | വൃത്തിയായും ശുചിയായും സൂക്ഷിക്കാത്ത കംഫർട്ട് സ്റ്റേഷനുകളെക്കുറിച്ചും കരാറുകാർ അമിതമായി പണം ആവശ്യപ്പെടുന്നത് സംബന്ധിച്ചും പരാതികൾ ഇടയ്ക്കിടെ ഉണ്ടാകാറുണ്ട്. |
| (സി) | പ്രാഥമിക ആവശ്യങ്ങൾ നിർവ്വഹിക്കുന്നതിനുള്ള സൗജന്യ കേന്ദ്രങ്ങൾ സംസ്ഥാനത്ത് പ്രവർത്തിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (സി) | നഗരസഭകളിൽ സൗജന്യ വ്യവസ്ഥകളിൽ ഉപയോഗിക്കുന്ന കംഫർട്ട് സ്റ്റേഷനുകൾ നിലവിലുണ്ട്. |

| | | | |
|---|---|---|---|
| (ഡി) | മറ്റുസംസ്ഥാനങ്ങളിൽ പലയിടത്തും പ്രാഥമികാവശ്യങ്ങൾക്കായുള്ള സൗജന്യകേന്ദ്രങ്ങൾ വൃത്തിയായും ജലലഭ്യത ഉറപ്പാക്കിയും നിലനിർത്തുന്നതും, മെച്ചപ്പെട്ട പേ&യൂസ് സംവിധാനങ്ങൾ നിലവിലുള്ളതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഇ) | സംസ്ഥാനത്ത് സൗജന്യമായി ഉപയോഗിക്കാനുള്ള പ്രസ്തുത കേന്ദ്രങ്ങൾ ആവശ്യാനുസരണം സ്ഥാപിക്കാനും പരിപാലിക്കാനും നടപടി സ്വീകരിക്കുമോ; | (ഇ) | നടപടി സ്വീകരിക്കുന്നതാണ്. |
| (എഫ്) | ഇത്തരം കേന്ദ്രങ്ങളിൽ നടക്കുന്ന അനധികൃത മദ്യവില്പനയും മയക്കുമരുന്നു കച്ചവടവും അവസാനിപ്പിക്കാൻ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ ഇതിനായി കർശന നിർദ്ദേശം നല്കുമോ? | (എഫ്) | ആഭ്യന്തരവകുപ്പുമായി ചേർന്ന് പരിശോധനകൾ നടത്തുന്നുണ്ട്. പരിശോധനകളുടെ അടിസ്ഥാനത്തിൽ കർശന നടപടി സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5958 — 07.07.2014 ലെ മറുപടിയ്ക്ക്

## കിസാൻ കാർഡുകൾ

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. എം. എ. വാഹീദ്<br>ശ്രീ. ഹൈബി ഈഡൻ<br>ശ്രീ.എ.പി.അബ്ദുള്ളക്കുട്ടി<br>ശ്രീ.പി.എ.മാധവൻ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കിസാൻ കാർഡുകളുടെ വിതരണത്തിന് തുടക്കമിട്ടിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | കിസാൻ കാർഡുകൾ കൃഷി വകുപ്പ് മുഖേന വിതരണം ചെയ്യുന്നില്ല. എന്നാൽ സംസ്ഥാനത്തെ വാണിജ്യബാങ്കുകളും ജില്ലാ സഹകരണ ബാങ്കുകളും മുഖേന 1999 മുതൽ കിസാൻ ക്രെഡിറ്റ് കാർഡുകൾ നൽകി വരുന്നു. സംസ്ഥാനത്ത് 2014 മാർച്ച് 31 വരെ 17.31 ലക്ഷം കിസാൻ ക്രെഡിറ്റ് കാർഡുകൾ നിലവിലുണ്ട്. ഇതുവഴി നിലവിലുള്ള കാർഷിക വായ്പ 10961 കോടി രൂപയാണ്. |
| (ബി) കിസാൻ കാർഡ് കൊണ്ടുള്ള പ്രയോജനങ്ങൾ എന്തെല്ലാം; വിശദാംശങ്ങൾ ലഭ്യമാക്കാമോ;<br>(സി) എന്തെല്ലാം വിവരങ്ങളാണ് പ്രസ്തുത കാർഡിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;<br>(ഡി) എന്തെല്ലാം സൗകര്യങ്ങളാണ് പ്രസ്തുത കാർഡുകൾ വഴി കർഷകർക്ക് ലഭ്യമാകുന്നത്? | (ബി), (സി) & (ഡി) | കിസാൻ ക്രെഡിറ്റ് കാർഡുള്ള കർഷകർക്ക് താഴെപറയുന്ന ആവശ്യങ്ങൾക്ക് വായ്പ നൽകുന്നതാണ്.<br>1. കൃഷിക്ക് ആവശ്യമുള്ള ഹ്രസ്വകാല വായ്പകൾ<br>2. വിളവെടുപ്പിന് ശേഷമുള്ള വിപണനത്തിനായുള്ള വായ്പകൾ<br>3. കർഷക ഉല്പന്നങ്ങളുടെ വിപണനത്തിനായുള്ള വായ്പകൾ<br>4. കർഷക കുടുംബങ്ങളുടെ ഉപഭോഗ ആവശ്യത്തിനുള്ള വായ്പകൾ<br>5. കാർഷിക അനുബന്ധ മേഖലകളിലെ മൂലധന നിക്ഷേപം നിലനിർത്തുന്നതിനുള്ള വായ്പകൾ<br>6. പമ്പ് സെറ്റുകൾ, സ്പ്രെയറുകൾ, ക്ഷീരോല്പാദന മൃഗങ്ങൾ (ഡയറി ആനിമൽ) എന്നിവ വാങ്ങുന്നതിനുള്ള വായ്പകൾ.<br><br>2014-15 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രതിപാദിച്ചതനുസരിച്ച് കർഷക രജിസ്ട്രേഷൻ പൂർത്തിയാക്കിയ 18.77 ലക്ഷം കർഷകർക്ക് 'അഗ്രി കാർഡ്' വിതരണം ചെയ്യുന്നതിന് കാനറാ ബാങ്ക്/എസ്.എൽ.ബി.സി. നടപടി കൈകൊണ്ടു |

വരുന്നു. ഈ കാർഡുകൾ അടിസ്ഥാന രേഖയായി സ്വീകരിച്ച് കൊണ്ട് താഴെപറയുന്ന സൗകര്യങ്ങൾ കർഷകർക്ക് എളുപ്പത്തിൽ ലഭ്യമാക്കാനാണ് ബഡ്ജറ്റിൽ പ്രസംഗത്തിൽ പ്രതിപാദിച്ചിട്ടുള്ളത്.

എ) കർഷകർക്കായുള്ള സർക്കാർ പദ്ധതികളുടെ എല്ലാ ആനുകൂല്യങ്ങളും വായ്പകളും മറ്റ് സഹായങ്ങളും.

ബി) ബാങ്കുകളിൽ നിന്നും 4% പലിശ നിരക്കിൽ കാർഷിക വായ്പ (ക്രോപ്പ് ലോൺ)

സി) 7% പലിശനിരക്കിൽ മദ്ധ്യകാല-ദീർഘകാല വായ്പകൾ. ഇതന്റെ 50% പലിശ സബ്സിഡി സംസ്ഥാന സർക്കാർ നൽകുന്നതാണ്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5965 | 07.07.2014 ലെ മറുപടിയ്ക്ക്

## പ്രകൃതിക്ഷോഭം മൂലം കൃഷിനാശം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.കെ.വിജയൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് പ്രകൃതിക്ഷോഭം മൂലം കൃഷി നാശം സംഭവിച്ച കർഷകർക്ക് നൽകുന്ന സഹായം അപര്യാപ്തമാണെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br><br>(ബി) ഉണ്ടെങ്കിൽ നഷ്ടപരിഹാര തുക വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്? | (എ) & (ബി) പ്രകൃതിക്ഷോഭം മൂലമുണ്ടാകുന്ന കൃഷിനാശത്തിന് സ്റ്റേറ്റ് ഡിസാസ്റ്റർ റെസ്പോൺസ് ഫണ്ടിൽ നിന്ന് ഓരോ വിളയ്ക്കും നൽകുന്ന ധനസഹായത്തിന്റെ തോത് 01.04.2012 മുതൽ പ്രാബല്യത്തിൽ പുനർനിർണ്ണയിച്ചിരുന്നു. പ്രകൃതിക്ഷോഭം മൂലം കാർഷിക വിളകൾക്കുണ്ടാകുന്ന നാശനഷ്ടങ്ങൾക്ക് നൽകുന്ന നഷ്ടപരിഹാരത്തുക വർദ്ധിപ്പിക്കണമെന്ന നിർദ്ദേശം 14-ാം ധനകാര്യ കമ്മീഷന്റെ പരിഗണനയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5966 07.07.2014 ലെ മറുപടിയ്ക്ക്

## കാർഷിക ദിനാഘോഷം

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ. പുരുഷൻ കടലുണ്ടി | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | ഈ വർഷത്തെ കാർഷിക ദിനാഘോഷത്തിന്റെ ഭാഗമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദീകരിക്കാമോ; | (എ) 2014 ആഗസ്റ്റ് 17 കർഷക ദിനം ആയി സമുചിതമായി ആഘോഷിക്കുവാൻ നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അന്നേ ദിവസം പഞ്ചായത്ത് തലത്തിൽ കർഷകരെ ആദരിക്കുന്നതിനും, സെമിനാറുകൾ, ചർച്ചാക്ലാസ്സുകൾ എന്നിവ സംഘടിപ്പിക്കുന്നതിനും നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. സംസ്ഥാനതലത്തിൽ കർഷക ദിനം ആഗസ്റ്റ് 16 ന് കോഴിക്കോട് ബീച്ച് മൈതാനത്തിൽ വച്ച് ഉദ്ഘാടനം നടത്തുന്നതാണ്. ഇതിനോട് അനുബന്ധിച്ച് വിവിധ സംസ്ഥാനതല കർഷക അവാർഡുകൾ കർഷകർക്കും ഉദ്യോഗസ്ഥർക്കും, കുട്ടികൾക്കും വിതരണം ചെയ്യുന്നതാണ്. 17, 18, 19 ദിനങ്ങളിൽ സെമിനാറുകൾ, പൊതുമേഖല / പ്രൈവറ്റ് സ്ഥാപനങ്ങളുടെ എക്സിബിഷനുകൾ, കുട്ടികൾക്കുള്ള വിവിധ മത്സരങ്ങൾ, അക്വാപെറ്റ് ഷോകൾ, വൈകുന്നേരങ്ങളിൽ സാംസ്കാരിക പരിപാടികൾ എന്നിവ നടത്തുന്നതാണ്. ആഗസ്റ്റ് 19 നാണ് സമാപന സമ്മേളനം തീരുമാനിച്ചിരിക്കുന്നത്. ആഘോഷങ്ങൾ വിജയകരമായി നടത്തുന്നതിനായി ഉദ്യോഗസ്ഥരും ജനപ്രതിനിധികളും ഉൾപ്പെട്ട ഒരു സ്വാഗതസംഘം രൂപീകരിച്ചിട്ടുണ്ട്. വിവിധ കമ്മിറ്റികളും രൂപീകരിച്ചിട്ടുണ്ട്. |
| (ബി) | നിറവ് പദ്ധതികളുടെ പുരോഗതി വിശദീകരിക്കാമോ; | (ബി) 2011-12 ൽ തെരഞ്ഞെടുത്ത 12 നിയോജക മണ്ഡലങ്ങളിൽ 11 മണ്ഡലങ്ങളിലും കാർഷിക മേഖലയിലെ പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട്. നിറവ് പദ്ധതിയ്ക്കായി ബഡ്ജറ്റിൽ പ്രത്യേകിച്ച് തുകയൊന്നും വകയിരുത്താത്തതിനാൽ ആർ.കെ.വി.വൈ.സ്കീമിൽ പദ്ധതികൾ സമർപ്പിച്ച് അംഗീകാരം തേടിയാണ് പദ്ധതികൾ 2012-13 ൽ നടപ്പിലാക്കിയത്. കാർഷിക മേഖലയിലെ പദ്ധതികളുടെ നടത്തിപ്പിനായി 737.58 ലക്ഷം രൂപ വിവിധ മണ്ഡലങ്ങൾക്കായി ലഭിച്ചു. മണ്ഡലം തിരിച്ചുള്ള തുക ചുവടെ ചേർക്കുന്നു. |

| | |
| --- | --- |
| ചെങ്ങന്നൂർ | 82.50 ലക്ഷം |
| തൊടുപുഴ | 52.40 ലക്ഷം |
| പാല | 62.00 ലക്ഷം |
| നോർത്ത് പറവൂർ | 62.40 ലക്ഷം |

| | |
|---|---|
| കൊടുങ്ങല്ലൂർ | 4.80 ലക്ഷം |
| കോട്ടയ്ക്കൽ | 71.36 ലക്ഷം |
| ബാലുശ്ശേരി | 97.85 ലക്ഷം |
| പേരാമ്പ്ര | 88.57 ലക്ഷം |
| നാദാപുരം | 131.25 ലക്ഷം |
| കല്പറ്റ | 59.35 ലക്ഷം |
| ളുത്തുപറമ്പ | 25.10 ലക്ഷം |
| **ആകെ** | **737.58 ലക്ഷം** |

2013-14 ൽ തെരഞ്ഞെടുത്ത 31 നിയോജക മണ്ഡലങ്ങൾക്കുമായി ആർ.കെ.വി.വൈ സ്കീമിൽ പദ്ധതികൾ നടപ്പിലാക്കുന്നത് പരിശോധിച്ചു വരുന്നു.

**(സി)** വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം വളർത്താൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ?

**(സി)** വിദ്യാർത്ഥികളിൽ കാർഷിക സംസ്കാരം വളർത്താനായി 2014-15 ലെ പച്ചക്കറി വികസന പദ്ധതി പ്രകാരം താഴെപറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. സംസ്ഥാനത്തെ തെരഞ്ഞെടുക്കപ്പെട്ട 2500 വിദ്യാലയങ്ങളിൽ സ്കൂൾ വിദ്യാർത്ഥികൾ മുഖേന പച്ചക്കറി കൃഷി ചെയ്യുന്നതിന് 4000 രൂപ വീതം സഹായം നൽകുന്നു. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
2. വിദ്യാലയങ്ങളിലെ കൃഷിയ്ക്ക് ജലസേചനം നൽകുന്നതിനായി കിണർ/പമ്പ്സെറ്റ് എന്നിവയ്ക്ക് 10000 രൂപ ധനസഹായം നൽകുന്നു. ഇതിനായി 40 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.
3. വിദ്യാലയങ്ങളിൽ കാർഷിക ക്ലബ്ബുകൾ രൂപീകരിക്കുന്നതിനും അതിന്റെ പ്രവർത്തനങ്ങൾക്കുമായി 2500 വിദ്യാലയങ്ങൾക്ക് 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5968 — 07.07.2014 ലെ മറുപടിയ്ക്ക്

## ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സാധ്യതകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.സി.ജോർജ്<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) കൃഷി വകുപ്പിന്റെ പ്രവർത്തനങ്ങളിൽ ദേശീയ തൊഴിലുറപ്പ പദ്ധതിയുടെ സാധ്യതകൾ പരിഗണിക്കുമോ; | (എ) കൃഷി വകുപ്പിന്റെ താഴെപ്പറയുന്ന പദ്ധതികൾക്ക് ദേശീയ തൊഴിലുറപ്പ് പദ്ധതിയുടെ സാദ്ധ്യതകൾ പരിഗണിക്കാവുന്നതാണ്.<br>a) തരിശുഭൂമിയിലെ പച്ചക്കറി കൃഷി<br>b) നെൽകൃഷി മേഖലയിൽ വിവിധ പദ്ധതികൾ<br>c) വാഴ കൃഷി<br>d) തെങ്ങുകൃഷി പദ്ധതികൾ<br>e) ജലസേചന കനാലുകൾ വൃത്തിയാക്കുക<br>f) ജലസേചന കുളങ്ങൾ നിർമ്മിക്കുക |
| (ബി) ഇതു സംബന്ധിച്ച് കേന്ദ്ര ഗവൺമെന്റ് എന്തെങ്കിലും പുതിയ നിർദ്ദേശങ്ങൾ നൽകിയിട്ടുള്ളതായി അറിയാമോ; | (ബി) വിവരം ശേഖരിച്ചുവരുന്നു. |
| (സി) കാർഷിക മേഖലയിൽ തൊഴിലാളി ദൗർലഭ്യം പ്രധാന തടസ്സമായിരിക്കെ തൊഴിലുറപ്പുപദ്ധതിയുടെ സാധ്യത ഇക്കാര്യത്തിൽ പരിഗണിക്കുമോ? | (സി) നെൽകൃഷി മേഖലയിൽ ഞാറു നടീൽ, വാഴ, പച്ചക്കറി എന്നീ വിളകൾക്ക് വേണ്ടി നിലം ഒരുക്കൽ, നടീൽ എന്നിവയും ഗ്രൂപ്പ് ഫാമിംഗ്, തെങ്ങിന്റെ ക്ലസ്റ്റർ കൃഷി എന്നീ മേഖലകളിലും തൊഴിലുറപ്പ് പദ്ധതി പ്രയോജനപ്പെടുത്താവുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5969 — 07.07.2014 ലെ മറുപടിയ്ക്ക്

## കൃഷിയിറക്കാതെ കിടക്കുന്ന ഭൂമി

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ.എൻ.എ.ഖാദർ | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | സംസ്ഥാനത്ത് കൃഷി ചെയ്യാതെ ധാരാളം ഭൂമി ഉണ്ടെന്നുളള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) | കൃഷി ചെയ്യാതെ കിടക്കുന്ന ഇത്തരം ഭൂമികളിൽ സർക്കാരിന്റെ സാമ്പത്തിക സഹായത്തോട്ടുകൂടി കൃഷി നടത്തു വാനുളള നടപടി സ്വീകരിക്കുമോ; | (ബി) 2014-2015 വർഷം ആർ.കെ.വി.വൈ പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 1550 ഹെക്ടർ തരിശുഭൂമിയിൽ ഹെക്ടറിന് 15,000/- രൂപ സബ്സിഡി നിരക്കിൽ നെൽകൃഷി ചെയ്യുന്നതിനുളള 232.50 ലക്ഷം രൂപയുടെ പദ്ധതി സർക്കാർ പരിശോധിച്ചുവരുന്നു. ടി പദ്ധതി തിരുവനന്തപുരം, കൊല്ലം, പത്തനംതിട്ട, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിലാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. |
| (സി) | സർക്കാരിന്റെ സാമ്പത്തിക സഹായ ത്തോട്ടുകൂടി കൃഷി നടത്തുന്നതിനുളള പദ്ധതികൾ ഇപ്പോൾ നിലവിലുണ്ടോ; ഇല്ലെങ്കിൽ ആയതിന് നടപടി സ്വീകരിക്കുമോ? | (സി) ഉണ്ട്. 2014-15 സാമ്പത്തിക വർഷത്തേക്കായി സമഗ്ര നെൽകൃഷി വികസന പദ്ധതി (സുസ്ഥിര നെൽകൃഷി വികസനം) 180000 ഹെക്ടറിലേക്ക് 2700 ലക്ഷം രൂപയും നെൽകൃഷി വികസന ഏജൻസികൾക്ക് ഉളള ധനസഹായത്തിനായി 150 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ വികസനത്തിനായി 2000 ഹെക്ടറിന് 200 ലക്ഷം രൂപയും പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി 302 ലക്ഷം രൂപയും വകയിരുത്തി നാളിതുവരെ പദ്ധതി നടപ്പിലാക്കിവരുന്നു.<br><br>സംസ്ഥാനത്ത് തരിശുനിലം കൃഷിയോഗ്യമാക്കി മാറ്റുന്നതിന് 2014-15-ലെ പച്ചക്കറി കൃഷി വികസന പദ്ധതിയിൻ കീഴിൽ പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഇതു പ്രകാരം പച്ചക്കറി കൃഷിയ്ക്ക് അനുയോജ്യമായ 500 ഹെക്ടർ തരിശു നിലത്ത് പച്ചക്കറി കൃഷി ചെയ്യുവാനാണ് ലക്ഷ്യമിടുന്നത്. ഒരു ഹെക്ടറിൽ കൃഷി ചെയ്യുന്നതിന് ഭൂവുടമയ്ക്ക് 5000 രൂപയും കൃഷി ചെയ്യുന്ന ആളിന് 25000 രൂപയും സഹായമായി നൽകും. പദ്ധതി സംബന്ധിച്ച പ്രവർത്തന നിർദ്ദേശങ്ങളും ഭൗതീക ലക്ഷ്യവും എല്ലാ ജില്ലകൾക്കും നൽകിക്കഴിഞ്ഞു. 500 ഹെക്ടർ തരിശു |

നിലം കൃഷി ചെയ്യുന്നതിന് 150 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. മുൻ വർഷങ്ങളിൽ കൃഷി ചെയ്യാതെ തരിശായിക്കിടന്ന ഭൂമി കൃഷിയോഗ്യമാക്കി മാറ്റി അതുവഴി ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുവാനും അതുവഴി സംസ്ഥാനത്ത് പച്ചക്കറികൃഷിയുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും പഞ്ചായത്തുകളെ തരിശുരഹിത പഞ്ചായത്താക്കി മാറ്റുകയും ചെയ്യുക എന്നതാണ് ഇതിന്റെ പ്രധാന ഉദ്ദേശം. തരിശു നിലത്തിൽ പച്ചക്കറി കൃഷി എന്ന പദ്ധതി നടപ്പിലാക്കുന്നത് വഴി സംസ്ഥാനത്ത് 500 ഹെക്ടർ തരിശ് നിലത്തിൽ പച്ചക്കറി കൃഷി ചെയ്യാനും അധികമായി 6000 ടൺ പച്ചക്കറി ഉൽപ്പാദിപ്പിക്കാനും കഴിയുന്നതാണ്.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5970** **7/7/2014** ൽ മറുപടിയ്ക്ക്

## മാരകമായ കീടനാശിനികളുടെ നിരോധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഇ. ചന്ദ്രശേഖരൻ<br>,, വി. ശശി<br>,, ചിറ്റയം ഗോപകുമാർ<br>,, മുല്ലക്കര രത്നാകരൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ പത്തു വർഷക്കാലത്തിനിടയിൽ നിരോധിക്കപ്പെട്ട കീടനാശിനികൾ എത്രയാണ്; അവ ഏതെല്ലാം; എൻഡോസൾഫാന് നിരോധനം ഏർപ്പെടുത്തിയതെന്നു മുതലാണെന്ന് വ്യക്തമാക്കുമോ; | (എ) എൻഡോസൾഫാൻ ഉൾപ്പെടെ 15 ഇനം കീടനാശിനികളാണ് കഴിഞ്ഞ പത്ത് വർഷക്കാലത്തിനിടയിൽ കേരളത്തിൽ നിരോധിച്ചത്. വിഷവീര്യം കൂടിയ ചുവപ്പ് ലേബലുള്ള കീടനാശിനികളായ കാർബോഫ്യൂറാൻ, ഫോറേറ്റ്, മീതൈൽ പാരത്തയോൺ , മോണോക്രോട്ടോഫോസ്, മീതയിൽ ഡിമറ്റോൺ എന്നിവയും മഞ്ഞ നിറത്തിലുള്ള ലേബലോടു കൂടിയ കീടനാശിനികളായ ട്രയാസോഫോസ്, പ്രൊഫനോഫോസ് എന്നിവയും കുമിൾനാശിനികളായ എഡിഫൻഫോസ്, ട്രൈസെക്ളാസോൾ, ഓക്സിതയോക്യൂനോക്സ് എന്നിവയും കളനാശിനികളായ അനിലോഫോസ്, പാരക്വാറ്റ്, തയോബൻകാർബ്, അട്രാസിൻ എന്നിവയുമാണ് കേരളത്തിൽ സർക്കാർ ഉത്തരവ് നം. 116/2011/കൃഷി തീയതി 7/5/2011 പ്രകാരം നിരോധിച്ചത്.<br>കേന്ദ്രസർക്കാരിന്റെ 31/10/2006 ലെ ജി.എസ്.ആർ നമ്പർ 1874 (ഇ) നമ്പർ ഗസറ്റ് വിജ്ഞാപനം അനുസരിച്ചാണ് എൻഡോസൾഫാന്റെ ഉപയോഗം കേരളത്തിൽ നിരോധിച്ചത്. |
| (ബി) ചെക്ക് പോസ്റ്റുകളിൽ കീടനാശിനി കടത്ത് പിടിക്കുന്നതിന് എന്തെങ്കിലും സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ; | (ബി) എൻഡോസൾഫാൻ നിരോധനത്തിന്റെ ഭാഗമായി അന്യസംസ്ഥാനങ്ങളിൽ നിന്നും കേരളത്തിലേക്ക് വരുന്ന കീടനാശിനികൾ പരിശോധിക്കുന്നതിന് വേണ്ടുന്ന നിർദ്ദേശങ്ങൾ ജില്ലാകളക്ടർമാർ മുഖേന അതിർത്തി ചെക്ക് പോസ്റ്റുകളിൽ നൽകിയിട്ടുണ്ട്. 23/5/2011 ലെ ജി.ഒ (എം.എസ്) നമ്പർ 136/2011/എഡി |

നമ്പർ ഉത്തരവ് മുഖേന നിരോധിച്ച കീടനാശിനികളുടെ സംഭരണം, ഉപയോഗം, കള്ളക്കടത്ത് എന്നിവ തടയുന്നതിനും കീടനാശിനികൾ പിടിച്ചെടുക്കുന്നതിനുമായി ജില്ലാകളക്ടർ ചെയർമാനും ജില്ലാ കൃഷി ഓഫീസർ കൺവീനറും അനുബന്ധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ അംഗങ്ങളുമായുള്ള ജില്ലാതല സ്ക്വാഡ് രൂപീകരിച്ച് പ്രവർത്തിച്ചു വരുന്നുണ്ട്.

| | | | |
|---|---|---|---|
| (സി) | സംസ്ഥാനത്ത് മാരകമായ കീടനാശിനി കളുടെ വിതരണം തടയുന്നതിന് എന്തെങ്കിലും നടപടികളുണ്ടോ; ഉണ്ടെങ്കിൽ വെളിപ്പെടുത്തുമോ? | (സി) | സംസ്ഥാനത്തെ കീടനാശിനികളുടെ വിതരണവും ഉപയോഗവും നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ജി ഒ (എംഎസ്) 22/2011 കൃഷി തീയതി 17/1/2011 പ്രകാരം ഏർപ്പെടുത്തി കൊണ്ട് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിൽ കൃഷി ഓഫീസറുടെ റാങ്കിൽ കുറയാത്ത ഒരു ഉദ്യോഗസ്ഥന്റെ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രമേ വില്പനശാലകളിൽ നിന്നും കീടനാശിനികൾ വിതരണം നടത്താവൂ എന്ന് നിഷ്കർഷിച്ചിട്ടുണ്ട്. വിളയുടെ പേരും, കീട/രോഗവും വ്യക്തമാക്കുകയും ഏത് കീടനാശിനി എത്ര അളവിൽ ഉപയോഗിക്കണമെന്നും കുറിപ്പടിയിൽ വ്യക്തമാക്കണമെന്ന് ഉത്തരവിൽ പറയുന്നുണ്ട്. കീടനാശിനി ഡിപ്പോഡീലർമാർ കുറിപ്പടിയുടെ അടിസ്ഥാനത്തിൽ മാത്രം കീടനാശിനി വിതരണം ചെയ്യേണ്ടതാണെന്നും ആയതിന്റെ വിശദാംശങ്ങൾ രജിസ്റ്ററിൽ സൂക്ഷിക്കേണ്ടതാണെന്നും ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് പരിശോധനയ്ക്ക് നൽകേണ്ടതാണെന്നും ഉത്തരവിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. കൂടാതെ കർഷക ബോധവൽക്കരണം വഴിയും പരിശീലന പരിപാടികൾ മുഖേനയും പകരമായുള്ള കീടനാശിനികളെ സംബന്ധിച്ചുള്ള അവബോധം കർഷകരിൽ വളർത്തുകയും നിരോധിച്ച കീടനാശിനികൾ ഉപയോഗിക്കുന്നില്ല എന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്. നിരോധിച്ച കീടനാശിനികളുടെ വിതരണം , ശേഖരണം എന്നിവ തടയുന്നതിനായി ജില്ലാ കളക്ടർ ചെയർമാനായി ജില്ലാതല സ്ക്വാഡ് പ്രവർത്തിച്ചു വരുന്നു. പരിശോധനകൾ ഡിപ്പോകളിലും അതിർത്തി ജില്ലകളിലും നടത്തുന്നതിന് അസിസ്റ്റന്റ് ഡയറക്ടർ (ക്വാളിറ്റി കൺട്രോൾ) മാരെ |

ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ഈ നിർദ്ദേശങ്ങൾ നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്താൻ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ– 5973** **07/07/2014–ലെ മറുപടിയ്ക്ക്**

## ഹോർട്ടിമിഷന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന

**ചോദ്യം**

**ശ്രീ.കെ. കുഞ്ഞിരാമൻ (ഉദുമ)**

**ഉത്തരം**

**ശ്രീ. കെ.പി. മോഹനൻ**
**(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി)**

എ) ഹോർട്ടിമിഷന്റെ ആഭിമുഖ്യത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

എ) ഉണ്ട്. 2011-12 സാമ്പത്തിക വർഷത്തിൽ സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷൻ-കേരള രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടു കൂടി പച്ചക്കറി, പുഷ്പങ്ങൾ എന്നിവയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി ഗ്രീൻ ഹൗസ് സാങ്കേതിക വിദ്യ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള സംരക്ഷിത കൃഷി എന്ന പദ്ധതിയിൽ ഉൾപ്പെടുത്തി 90910 ചതുരശ്ര മീറ്ററിലെ സംരക്ഷിതകൃഷിക്കായി 425 ലക്ഷം രൂപയും, 500 ഹെക്ടർ സ്ഥലത്ത് വാഴ, പച്ചക്കറികൾ എന്നിവയുടെ സൂക്ഷ്മകൃഷിക്കായി 200 ലക്ഷം രൂപയും 40 കമ്മ്യൂണിറ്റി/പോട്ട്ട്രേ നഴ്സറികൾ സ്ഥാപിക്കുന്നതിന് 160 ലക്ഷം രൂപയും, 750 ഹെക്ടർ സ്ഥലത്ത് ടിഷ്യൂക്കൾച്ചർ വാഴതൈകൾ ഉപയോഗിച്ചുള്ള വാഴകൃഷിയ്ക്ക് 312 ലക്ഷം രൂപയും, 250 കൂൺ ഉത്പാദന യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് 28.125 ലക്ഷം രൂപയും, 606.6 ലക്ഷം രൂപയുടെ ഇടുക്കി ജില്ലയിലെ ശീതോഷ്ണകാലഫലവർഗ്ഗകൃഷി എന്ന പദ്ധതിയും, 11.64 കോടി രൂപയുടെ വട്ടവട, കാന്തല്ലൂർ പ്രദേശങ്ങളിലെ ശീതകാല പച്ചക്കറികൃഷി, 10.70 കോടി രൂപയുടെ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഇൻ അർബൻ ക്ലസ്റ്റേഴ്സ് എന്നീ പദ്ധതികൾ നടപ്പിലാക്കി. 2012–13 സാമ്പത്തിക വർഷത്തിൽ 1.575 കോടി രൂപയുടെ ഭാരത് സേവക് സമാജിന്റെ വനിതാ പങ്കാളിത്ത കൂട്ടായ്മയിൽ കൂൺ ഉത്പാദനം എന്നീ പദ്ധതിയും, തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നീ ജില്ലകളിൽ നടപ്പിലാക്കുന്ന 7.03875 കോടി രൂപയുടെ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഇൻ അർബൻ ക്ലസ്റ്റേഴ്സ്, 4.96125 കോടി രൂപയുടെ

പച്ചക്കറി വികസനം, 13.125 കോടി രൂപയുടെ വാഴയുടെ വിള വിസ്തൃതി വ്യാപനം, സംഗമൈത്രിയ്ക്ക് ഗ്രാമീണ വിപണിയുടെ അടിസ്ഥാന സൗകര്യവികസനത്തിനായി 0.252 കോടി രൂപയുടെ പദ്ധതി എന്നിവയും നടപ്പിലാക്കിയിട്ടുണ്ട്.

കൂടാതെ 2013-14 സാമ്പത്തിക വർഷത്തിൽ 9 കോടി രൂപയുടെ വെജിറ്റബിൾ ഇനിഷ്യേറ്റീവ് ഇൻ അർബൻ ക്ലസ്റ്റേഴ്സ് എന്ന പദ്ധതിയ്ക്കും 7.5938 കോടി രൂപയുടെ സുസ്ഥിര ശീതകാല പച്ചക്കറി കൃഷി പദ്ധതിയ്ക്കും അനുമതി ലഭിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികൾ നടപ്പിലാക്കി വരുന്നു.

| | | | |
|---|---|---|---|
| ബി) | പദ്ധതിയുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് ആഡിറ്റിംഗ് നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ; | ബി) | ശീതകാല പച്ചക്കറി കൃഷി എന്ന പദ്ധതിയ്ക്ക് എ.ജി. ആഡിറ്റിംഗ് നടത്തിയിട്ടുണ്ട്. |
| സി) | ആഡിറ്റിംഗിൽ പദ്ധതിയുടെ നടത്തിപ്പിൽ വന്നിട്ടുള്ള ക്രമവിരുദ്ധമായ നടപടികൾ പരാമർശിച്ചിട്ടുണ്ടോ; | സി) | ക്രമക്കേടുകൾ ഒന്നും പരാമർശിച്ചിട്ടില്ല. |
| ഡി) | എങ്കിൽ പദ്ധതിയുടെ ഏതൊക്കെ നടത്തിപ്പിലാണ് ക്രമക്കേടുകൾ നടന്നതായി പരാമർശിക്കപ്പെട്ടിട്ടുള്ള തെന്ന് വിശദമാക്കാമോ? | ഡി) | ബാധകമല്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5980 — 07.07.2014 ലെ മറുപടിയ്ക്ക്

**കർഷക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീമതി ഗീതാ ഗോപി | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| കർഷക കടാശ്വാസ കമ്മീഷൻ മുഖേന ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷകർക്ക് വേണ്ടി സ്വീകരിച്ച ആശ്വാസനടപടികൾ എന്തെല്ലാമെന്ന് അറിയിക്കുമോ? | കർഷകരുടെ വ്യക്തിഗത അപേക്ഷകളിൽ കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്യുതനുസരിച്ച് ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് / ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 58,89,28,164/- രൂപ അനുവദിച്ചിട്ടുണ്ട്. കൂടാതെ, കാസർഗോഡ് ജില്ലയിൽ ആത്മഹത്യ ചെയ്ത 4 കർഷകർക്ക് കമ്മീഷന്റെ അഭിപ്രായ ത്തിന്റെ അടിസ്ഥാനത്തിൽ പ്രത്യേക കേസായി പരിഗണിച്ച്, കടാശ്വാസമായി 1,82,250/- രൂപ അനുവദിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5981 07.07.2014 ലെ മറുപടിയ്ക്ക്

**കർഷക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. വി. വിജയദാസ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ മുഖേന എത്ര കോടി രൂപയുടെ ആനുകൂല്യങ്ങളാണ് നൽകിയിട്ടുള്ളത്; ജില്ല തിരിച്ചുള്ള വിശദവിവരം നൽകുമോ; | **(എ)** ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കർഷക കടാശ്വാസ കമ്മീഷൻ ശിപാർശ ചെയ്തതനുസരിച്ച് 60.25 കോടി രൂപ കടാശ്വാസമായി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള വിവരം ചുവടെ ചേർക്കുന്നു. |

| ക്രമ നമ്പർ | ജില്ല | തുക (കോടിയിൽ) |
|---|---|---|
| 1 | തിരുവനന്തപുരം | 15.16 |
| 2 | കൊല്ലം | 1.56 |
| 3 | പത്തനംതിട്ട | 1.13 |
| 4 | ആലപ്പുഴ | 0.48 |
| 5 | കോട്ടയം | 1.04 |
| 6 | ഇടുക്കി | 11.77 |
| 7 | എറണാകുളം | 0.28 |
| 8 | തൃശ്ശൂർ | 0.91 |
| 9 | പാലക്കാട് | 3.69 |
| 10 | മലപ്പുറം | 2.00 |
| 11 | കോഴിക്കോട് | 5.83 |
| 12 | വയനാട് | 10.16 |
| 13 | കണ്ണൂർ | 3.55 |
| 14 | കാസർഗോഡ് | 2.69 |
| | ആകെ | 60.25 |

| | |
|---|---|
| **(ബി)** 2014-15 സാമ്പത്തിക വർഷത്തിൽ എത്ര മാത്രം തുക വകയിരുത്തിയിട്ടുണ്ട്; ആയതിന്റെ കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ? | **(ബി)** 2014-15 സാമ്പത്തിക വർഷത്തിൽ കടാശ്വാസ വിതരണത്തിനായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കർഷകരുടെ വ്യക്തിഗത അപേക്ഷകളിൽ ശിപാർശ ചെയ്തതനുസരിച്ച് കടാശ്വാസം അനുവദിക്കുന്നതിനായി കമ്മീഷനിൽ |

നിന്ന് സർക്കാരിലേക്ക് ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പ്രകാരം ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് / ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5982

07.07.2014 ലെ മറുപടിയ്ക്ക്

**കർഷക കടാശ്വാസ കമ്മീഷൻ**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എ. എം. ആരിഫ് | ശ്രീ. കെ.പി. മോഹനൻ (കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കർഷക കടാശ്വാസ കമ്മീഷൻ കഴിഞ്ഞ സാമ്പത്തിക വർഷം എത്ര രൂപ അനുവദിച്ച എന്നും പ്രസ്തുത തുക കർഷകർക്ക് ലഭ്യമാക്കിയോ എന്നും വിശദമാക്കാമോ; | **(എ)** 2013-14 സാമ്പത്തിക വർഷം കടാശ്വാസ കമ്മീഷൻ 26,17,76,825/- രൂപയുടെ കടാശ്വാസം ശിപാർശ ചെയ്തിട്ടുണ്ട്. കമ്മീഷൻ ശിപാർശ ചെയ്യുന്ന കടാശ്വാസം ബഡ്ജറ്റ് വിഹിതത്തിന്റെ ലഭ്യത അനുസരിച്ചാണ് സർക്കാർ അനുവദിക്കുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം 15 കോടി രൂപ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് / ബാങ്കുകൾക്ക് കടാശ്വാസമായി വിതരണം ചെയ്യുന്നതിന് അനുവദിച്ചിട്ടുണ്ട്. ആയത് വിതരണം ചെയ്യുന്നതിന് മുമ്പ് ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ള പരിശോധനകൾ നടത്തി അർഹമായ തുക സംഘങ്ങൾക്ക് അനുവദിക്കുന്നതിനുള്ള നടപടി പുരോഗമിച്ചുവരുന്നു. |
| **(ബി)** കർഷക കടാശ്വാസ കമ്മീഷന് നടപ്പുവർഷം ബജറ്റിൽ എത്ര തുക അനുവദിച്ചുവെന്നും അതിൽ എത്ര ചെലവഴിച്ചുവെന്നും വ്യക്തമാക്കാമോ; | **(ബി)** 2014-15 സാമ്പത്തിക വർഷത്തിൽ കടാശ്വാസ വിതരണത്തിനായി 20 കോടി രൂപ ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. കർഷകരുടെ വ്യക്തിഗത അപേക്ഷകളിൽ ശിപാർശ ചെയ്യുതനുസരിച്ച് കടാശ്വാസം അനുവദിക്കുന്നതിനായി കമ്മീഷനിൽ നിന്ന് സർക്കാരിലേക്ക് ലഭിച്ചിട്ടുള്ള പ്രൊപ്പോസലുകൾ പ്രകാരം ബന്ധപ്പെട്ട സഹകരണ സംഘങ്ങൾക്ക് / ബാങ്കുകൾക്ക് വിതരണം ചെയ്യുന്നതിന് തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |
| **(സി)** കർഷക കടാശ്വാസ കമ്മീഷന് ഏത് ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ അപേക്ഷകരുള്ളതെന്ന് വ്യക്തമാക്കാമോ? | **(സി)** കർഷക കടാശ്വാസ കമ്മീഷന് വയനാട് ജില്ലയിൽ നിന്നാണ് ഏറ്റവും കൂടുതൽ അപേക്ഷകരുള്ളത്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 5983 — 07.07.2014 ലെ മറുപടിയ്ക്ക്

## മിഷൻ 676-കുട്ടനാട്ടിലെ പദ്ധതികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. തോമസ് ചാണ്ടി | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) | |
| **(എ)** | മിഷൻ 676 വഴി കുട്ടനാട്ടിൽ കൃഷി വകുപ്പ് എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ; | **(എ)** | മിഷൻ 676 ൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഭൂരിഭാഗവും സംസ്ഥാനമൊട്ടാകെ നടപ്പിലാക്കാൻ ഉളളവയാണ്. ഇതിൽ പച്ചക്കറി സ്വയം പര്യാപ്തത, കേരസമൃദ്ധി എന്നിവയാണ് പതാക നൗക (ഫ്ലാഗ്ഷിപ്പ്) പദ്ധതികളായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. കൂടാതെ, നീര ഉല്പാദനം, മേഖല കൃഷി ഡയറക്ടറേറ്റുകൾ, വിള ആരോഗ്യ പരിപാലനം, എല്ലാ കർഷക ഭവനങ്ങളിലും പോഷകത്തോട്ടങ്ങൾ, കർഷക ഉല്പാദക സംഘങ്ങളും കർഷക മാളും, കൃഷി വകുപ്പുകളുടെ ശാക്തീകരണം, ഒരു ലക്ഷം യുവജനങ്ങൾക്ക് തൊഴിൽദാന പദ്ധതി, വിദ്യാലയങ്ങൾക്ക് ബയോഗ്യാസ് പദ്ധതി, കീടരോഗ നിയന്ത്രണം, അഗ്രോ സർവ്വീസ് സെന്ററുകൾ, ജൈവകൃഷി പ്രോത്സാഹനം, ഗുണമേൻമാ പരിശോധന സംവിധാനം, ഓർഗാനിക് സർട്ടിഫിക്കേഷൻ, പച്ചക്കറി പുഷ്പകൃഷിക്കായി മികവിന്റെ കേന്ദ്രം എന്നീ പദ്ധതികളും സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു. |
| **(ബി)** | 'നിറവ് പദ്ധതി', 'ലീഡ്സ് പദ്ധതി', അഗ്രോ സർവ്വീസ് സെന്ററുകൾ, വിദ്യാലയങ്ങൾക്കുളള ബയോഗ്യാസ് പ്ലാന്റ് എന്നിവ കുട്ടനാട്ടിൽ നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ? | **(ബി)** | സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5984** **7/7/2014** ൽ മറുപടിയ്ക്ക്

## ഇടുക്കി പാക്കേജ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ.കെ. ജയചന്ദ്രൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ഇടുക്കി പാക്കേജിനായി എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ; | (എ) കഴിഞ്ഞ സംസ്ഥാനസർക്കാരിന്റെ കാലത്ത് ഇടുക്കി പാക്കേജിനായി ചെലവഴിച്ച തുക 52.863 കോടി രൂപയാണ്. (1/4/2011 വരെ) |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര രൂപ ചെലവഴിച്ചു ; | (ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം 145.167 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |
| (സി) ഇടുക്കി പാക്കേജിന്റെ ഫണ്ടിൽ നിന്നും മൃഗസംരക്ഷണമേഖലയ്ക്ക് വേണ്ടി തൃശ്ശൂർ ജില്ലക്ക് എത്ര രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ? | (സി) ഇടുക്കി പാക്കേജിന്റെ ഭാഗമായി മൃഗസംരക്ഷണ മേഖലയ്ക്ക് വേണ്ടി തൃശ്ശൂർ ജില്ലയ്ക്ക് 2009-10 ൽ കേരള ഫീഡ്സിന്റെ കല്ലേറ്റുംകരയിൽ നിലവിലുള്ള പ്ലാന്റ് നവീകരിക്കുന്നതിന് 70 ലക്ഷം രൂപ അനുവദിക്കുകയും ആയത് വിനിയോഗിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5985     7/7/2014 ൽ മറുപടിയ്ക്ക്

## ഇടുക്കി പാക്കേജ്

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കെ. ജയചന്ദ്രൻ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) ഇടുക്കി പാക്കേജ് കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാക്കാൻ കഴിയാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ ; | (എ) | ഇടുക്കി പാക്കേജിന് മാത്രമായി ബജറ്റ് വിഹിതമില്ലാത്തതിനാൽ പദ്ധതികൾ നടപ്പാക്കുന്നതിൽ കാലതാമസം നേരിടുന്നുണ്ട്. 50 ലക്ഷത്തിന് താഴെ ചെലവുള്ള പദ്ധതികൾ സംസ്ഥാന സർക്കാരിന്റെ ഫണ്ടിലും അതിന്മേൽ തുകയ്ക്കുള്ള പദ്ധതികൾ കേ ന്ദ്രസർക്കാരിന്റെ തുടർസ്കീമുകളിൽ ഡിപിആർ തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ ഭാഗമായാണ് പദ്ധതികൾക്ക് അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നത്. ചില പദ്ധതികൾക്ക് അതാത് സ്കീം പ്രകാരമുള്ള കേന്ദ്രവിഹിതം കുറവായത് കാരണം പദ്ധതികൾ നടപ്പിലാക്കാൻ തടസ്സം നേരിടുന്നുണ്ട്. ഇടുക്കി പാക്കേജിന് 2008 നവംബറിൽ കേന്ദ്ര അംഗീകാരം ലഭിച്ചു എങ്കിലും പദ്ധതികൾക്ക് അനുയോജ്യമായ മാനദണ്ഡങ്ങളുള്ള കേന്ദ്രസ്കീമുകൾ കണ്ടെത്തി ഡിപിആർ തയ്യാറാക്കി കേന്ദ്രസർക്കാരിന്റെ അംഗീകാരം ലഭിച്ച് നടപ്പിലാക്കുന്നതിൽ കാലതാമസം നേരിട്ടിട്ടുണ്ട്. |
| (ബി) ഇടുക്കി പാക്കേജിനായി എത്ര കോടി രൂപ അനുവദിച്ചിരുന്നു; എത്ര കോടി രൂപ ചെലവഴിച്ചു; വ്യക്തമാക്കാമോ;<br>(സി) ലക്ഷ്യമിട്ട പദ്ധതികളുടെ എത്ര ശതമാനം പൂർത്തിയാക്കാൻ കഴിഞ്ഞു; | (ബി) & (സി) | |

| MSSRF റിപ്പോർട്ട് പ്രകാരം അംഗീകാരം ലഭിച്ചത് (രൂപ കോടിയിൽ) | അംഗീകാരം ലഭിച്ചത് (രൂപ കോടിയിൽ) | അനുവദിച്ചത്/ റിലീസ് ചെയ്തത് (രൂപ കോടിയിൽ) | ചെലവഴിച്ചത് (രൂപ കോടിയിൽ) | MSSRF റിപ്പോർട്ട് പ്രകാരം അംഗീകാരം ലഭിച്ചത് തുകയിൽ ചെലവഴിച്ചത് | അംഗീകാരം ലഭിച്ചതിൽ ചെലവഴിച്ചത് | അനുവദിച്ചത്/ റിലീസ് ചെയ്തതിൽ ചെലവഴിച്ചത് |
|---|---|---|---|---|---|---|
| 764.32 | 455.86 | 250.72 | 198.03 | 25.9% | 43.44% | 78.98% |

| | | | | |
|---|---|---|---|---|
| (ഡി) | പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് വാഹനങ്ങൾ വാങ്ങുന്നതിനും ശമ്പളത്തിനുമായി എത്ര കോടി രൂപ ചെലവഴിച്ചു? | (ഡി) | വകുപ്പ് | പദ്ധതി നടത്തിപ്പുമായിബന്ധപ്പെട്ട് വാഹനങ്ങൾവാങ്ങുന്നതിനും ശമ്പളത്തിനുമായി ചെലവഴിച്ചത് |
| | | | കൃഷി | ചെലവഴിച്ചിട്ടില്ല |
| | | | എസ്എച്ച്എം | ഇടുക്കി പാക്കേജിൽ ഉൾപ്പെടുത്തി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ കേരള, രാഷ്ട്രീയ കൃഷി വികാസ് യോജനയുടെ സാമ്പത്തിക സഹായത്തോടു കൂടി നടപ്പിലാക്കുന്ന ശീതകാല പച്ചക്കറി കൃഷി പദ്ധതിയുടെ ഭാഗമായി പച്ചക്കറി സംഭരിക്കുന്നതിനും വിപണനം നടത്തുന്നതിനുമായി 20 ലക്ഷം രൂപ ചെലവഴിച്ച് 2 ലോറികൾ വാങ്ങി വട്ടവട, കാന്തല്ലൂർ പഞ്ചായത്തുകളിൽ രൂപീകരിച്ച കർഷക സൊസൈറ്റികൾക്ക് കൈമാറി. കൂടാതെ പദ്ധതി സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി 3 ഫീൽഡ് അസിസ്റ്റന്റുമാരേയും ഒരു ഫീൽഡ് കൺസൽറ്റന്റിനേയും കരാർ അടിസ്ഥാനത്തിൽ നിയമിക്കുകയും ചെയ്തു. ഇവരുടെ ശമ്പളത്തിനായി 9,80,433/- രൂപ നാളിതുവരെ ചെലവഴിച്ചു. |
| | | | വിഎഫ്പിസികെ | ചെലവഴിച്ചിട്ടില്ല |
| | | | മൃഗസംരക്ഷണം | ചെലവഴിച്ചിട്ടില്ല |
| | | | കെഎൽഡിബി | ചെലവഴിച്ചിട്ടില്ല |
| | | | മത്സ്യബന്ധനം | ചെലവഴിച്ചിട്ടില്ല |
| | | | തേയില ബോർഡ് | ചെലവഴിച്ചിട്ടില്ല |
| | | | സുഗന്ധവ്യഞ്ജന ബോർഡ് | കുരുമുളക് പദ്ധതി നടപ്പിലാക്കുന്നതിനായും ഓഫീസ് ചെലവുകൾക്കായും സ്റ്റാഫ് മെമ്പർമാരുടേയും ടെക്നിക്കൽ അസിസ്റ്റന്റ്മാരുടേയും ട്രെയിനികളുടേയും ശമ്പളത്തിനായി 5.57 കോടി രൂപ ചെലവഴിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5991** **7/7/2014** ൽ മറുപടിയ്ക്ക്

## നാളികേര ടെക്നോളജി മിഷന്റെ പ്രവർത്തനം

ചോദ്യം

ശ്രീ. കെ.എൻ.എ. ഖാദർ
,, റ്റി.എ. അഹമ്മദ് കബീർ
,, അബ്ദുറഹിമാൻ രണ്ടത്താണി
,, എൻ. ഷംസുദ്ദീൻ

(എ) നാളികേരത്തിൽ നിന്നുള്ള മൂല്യ വർദ്ധിതോല്പന്നങ്ങളുടെ സംസ്ക്കരണത്തിനും, ഗവേഷണത്തിനും നാളികേര ടെക്നോളജി മിഷന്റെ അംഗീകാരത്തോടെ നടപ്പാക്കുന്ന പദ്ധതികളുടെ വിശദവിവരം നല്കാമോ;

ഉത്തരം

**ശ്രീ. കെ.പി. മോഹനൻ**
(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി)

(എ) കൃഷി വകുപ്പിൽ ടെക്നോളജി മിഷൻ പദ്ധതികൾ നടപ്പിലാക്കുന്നില്ല. എന്നാൽ നാളികേര വികസന ബോർഡിന് കീഴിൽ നാളികേര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും നവീകരിക്കുന്നതിനും വിപുലപ്പെടുത്തുന്നതിനും നാളികേര ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവിനും വേണ്ടിയുള്ള പദ്ധതികൾക്കുള്ള ധനസഹായത്തിനായി അപേക്ഷകൾ നാളികേര വികസന ബോർഡ് ടെക്നോളജി മിഷന്റെ ഭാഗമായി ക്ഷണിക്കുന്നുണ്ട്.

മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനായി സ്ഥാപിക്കുന്ന നാളികേര സംസ്കരണ കേന്ദ്രങ്ങൾക്ക് പദ്ധതിച്ചെലവിന്റെ 25% (പരമാവധി 50 ലക്ഷം രൂപ) ധനസഹായമായി നൽകുന്നു. പട്ടികജാതി/ പട്ടികവർഗ്ഗവിഭാഗങ്ങളിലെ സ്ത്രീകൾക്ക് ഇതിനായി 33% ധനസഹായം നൽകുന്നു.

പായ്ക്ക് ചെയ്തതും അഗ്മാർക്ക് നിലവാരത്തിലുമുള്ള ബ്രാൻഡഡ് വെളിച്ചെണ്ണ, ഉരുക്ക് വെളിച്ചെണ്ണ , ഡയറ്ററി ഫൈബർ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, കോക്കനട്ട് ചിപ്സ്, ഡിഫാറ്റഡ് കോക്കനട്ട് പൗഡർ, സ്നോബോൾ ടെണ്ടർ കോക്കനട്ട് , കോക്കനട്ട് മിൽക്ക് പൗഡർ, കോക്കനട്ട് ജാഗറി, ആക്റ്റിവേറ്റഡ് കാർബൺ, തേങ്ങാവെള്ളത്തിൽ നിന്നുമുള്ള വിനാഗിരി, ഷെൽ ചാർക്കോൾ, പാക്ക്ഡ് ടെണ്ടർ നട്ട് വാട്ടർ,

പ്രോസസ്ഡ് ടെണ്ടർ വാട്ടർ, ഷെൽപൗഡർ, തൊണ്ട്/തടി കൊണ്ടുള്ള കരകൗശല വസ്തുക്കൾ, കൊപ്ര ഡ്രയർ എന്നിവയെല്ലാം ധനസഹായത്തിനായി പരിഗണിക്കുന്ന പദ്ധതികളിൽ ചിലതാകുന്നു.

കൂടാതെ നാളികേരഉല്പന്നങ്ങളുടെ വിപണനത്തിനായിട്ടുള്ള പ്രവർത്തികൾക്ക് ചെലവിന്റെ 50% (വ്യക്തികൾക്ക് പരമാവധി 10 ലക്ഷം രൂപയും സഹകരണ സ്ഥാപനങ്ങൾക്ക് പരമാവധി 25 ലക്ഷം രൂപയും) അനുവദിക്കുന്നു.

(ബി) പ്രസ്തുത പദ്ധതികളുടെ വിജയകരമായ നടത്തിപ്പിന് ആവശ്യമായ നാളികേര അസംസ്കൃത വസ്തുക്കളുടെ ലഭ്യത സംബന്ധിച്ച വിവരശേഖരണം നടത്തിയിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ;

(ബി) നടത്തിയിട്ടില്ല. 2012-13 വർഷം കേരളത്തിൽ 7.98 ലക്ഷം ഹെക്ടറിൽ തെങ്ങ് കൃഷി ചെയ്തിട്ടുള്ളതായും 579.9 കോടി നാളികേരം ഉല്പാദനം ഉള്ളതായും കണക്കാക്കിയിട്ടുണ്ട്.

(സി) ഇതോടനുബന്ധിച്ച്, ഇപ്പോൾ നാശോന്മുഖമായിട്ടുള്ള നാളികേര കൃഷി പുനരുജ്ജീവിപ്പിക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

(സി) സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കാനായുള്ള പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നുണ്ട്. നാളികേര കൃഷിയുടെ പുനരുദ്ധാരണത്തിനായി 2013-14 വർഷം കേരശ്രീ എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുകയുണ്ടായി. ഇതനുസരിച്ച് ഒരു ഹെക്ടറിൽ തെങ്ങുകളുടെ വളപ്രയോഗം, സസ്യ സംരക്ഷണം, തടംതുറക്കൽ, ജലസേചന സൗകര്യം വർദ്ധിപ്പിക്കൽ, രോഗബാധിതമായ തെങ്ങുകൾ മുറിച്ചു മാറ്റൽ, പുതിയ തെങ്ങിൻതൈ നടീൽ എന്നീ ഇനങ്ങൾക്കായി പരമാവധി 17,500/- രൂപയുടെ ധനസഹായം കേരകർഷകർക്ക് നൽകുകയുണ്ടായി. പുനരുദ്ധാരണം നടപ്പിലാക്കിയ രണ്ടാം വർഷ തോട്ടങ്ങൾക്ക് ഹെക്ടറിന് 9100/- രൂപ നിരക്കിൽ ധനസഹായം നൽകി. കൂടാതെ 9300 തെങ്ങുകയറ്റ യന്ത്രങ്ങൾ 2000/- രൂപ സബ്സിഡി നിരക്കിൽ വിതരണം നടത്തി. നാളികേര ക്ലസ്റ്ററുകളുടെ പ്രവർത്തനങ്ങൾക്കായി ക്ലസ്റ്റർ ഒന്നിന് 50000/- രൂപ നിരക്കിൽ ധനസഹായവും നൽകി.

2014-15 വർഷത്തിൽ കേരശ്രീ എന്ന പേരിൽ പ്രസ്താവുത പദ്ധതി ചില മാറ്റങ്ങളോടെ സംസ്ഥാനത്ത്

നടപ്പിലാക്കുന്നതാണ്. ഇതിലൂടെ 4500 ലക്ഷം രൂപയുടെ പദ്ധതികളാണ് കേരകൃഷി വികസനത്തിനായി നടപ്പാക്കുവാൻ ലക്ഷ്യമിട്ടിട്ടുള്ളത്.

സംസ്ഥാന സർക്കാരിന്റെ മിഷൻ 676 ൽ ഉൾപ്പെടുത്തി കേര സമൃദ്ധി എന്ന പദ്ധതി, കുറിയ ഇനത്തിൽപ്പെട്ടതും സങ്കരയിനത്തിൽ പ്പെട്ടതുമായ തെങ്ങുകളുടെ കൃഷി സംസ്ഥാനത്ത് വ്യാപിപ്പിക്കുവാൻ ലക്ഷ്യമിടുന്നു. ഈ പദ്ധതിയുടെ ഔപചാരിക ഉദ്ഘാടനം കേരളപ്പിറവി ദിനമായ 1/11/2013 ൽ ബഹു. മുഖ്യമന്ത്രി നിർവ്വഹിക്കുക യുണ്ടായി.

നാളികേര വിലയിടിവിൽ നിന്നും കർഷകരെ സഹായിക്കുവാനായി തെരഞ്ഞെടുത്ത കൃഷി ഭവനുകൾ മുഖേന പച്ചത്തേങ്ങ സംഭരണം കേരഫെഡ് മുഖേന നടത്തി വരുന്നു. നിലവിൽ ഒരു കിലോ പച്ചത്തേങ്ങ **28** രൂപയ്ക്കാണ് സംഭരിച്ചു വരുന്നത്.

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5992** **7/7/2014** ൽ മറുപടിയ്ക്ക്

## നാളികേര ഉത്പാദനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം.വി. ശ്രേയാംസ് കുമാർ<br>ഡോ. എൻ. ജയരാജ്<br>ശ്രീ. റോഷി അഗസ്റ്റിൻ<br>,, പി . സി. ജോർജ് | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| കേന്ദ്ര നാളികേര ബോർഡിന്റെ ആഭിമുഖ്യത്തിൽ നാളികേരോല്പാദനത്തിന് സംസ്ഥാനത്ത് ഏതെല്ലാം പദ്ധതികൾ നിലവിലുണ്ട്; വ്യക്തമാക്കുമോ? | നിലവിലുള്ള പദ്ധതികൾ സംബന്ധിച്ച വിവരം അനുബന്ധമായി ഉൾക്കൊള്ളിച്ചിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

2014-15 സാമ്പത്തിക വർഷത്തിൽ നാളികേര വികസനബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ(CDB ൽ നിന്നും ലഭിച്ച റിപ്പോർട്ട്)

| | പദ്ധതിയുടെ പേര് | സ്ഥല ലക്ഷ്യം | സാമ്പത്തിക ലക്ഷ്യം | ബോർഡിന്റെ വിഹിതം |
|---|---|---|---|---|
| 1. | ഗുണമേന്മയേറിയ തെങ്ങിൻ തൈ ഉല്പാദനം | | | |
| | a.പ്രാദേശിക തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കൽ(50:50) | 1.875 ലക്ഷം തൈകൾ | 60 ലക്ഷം രൂപ | 30 ലക്ഷം രൂപ |
| | b.സങ്കരയിനം ഉയരം കുറഞ്ഞ തെങ്ങിൻ തൈകളുടെ ഉല്പാദനം. | 1.64 ലക്ഷം തൈകൾ | 29.60 ലക്ഷം രൂപ | 14.80 ലക്ഷം രൂപ |
| | c.ന്യൂക്ലിയസ് വിത്ത് തേങ്ങതോട്ടങ്ങൾ സ്ഥാപിക്കൽ | ആവശ്യാനുസരണം | 6 ലക്ഷം രൂപ | 6 ലക്ഷം രൂപ |
| | d.ചെറുകിട തെങ്ങിൻതൈ നഴ്സറികൾ സ്ഥാപിക്കൽ | ആവശ്യാനുസരണം | 4 ലക്ഷം രൂപ | 4 ലക്ഷം രൂപ |
| 2. | തെങ്ങുകൃഷി വ്യാപന ധന സഹായ പദ്ധതി | | | |
| | a.ഒന്നാം വർഷ കൃഷി ഹെക്ടറൊന്നിന് 7500 രൂപ നിരക്കിൽ | 100 ഹെക്ടർ | 7.5 ലക്ഷം രൂപ | 7.5 ലക്ഷം രൂപ |
| | b.രണ്ടാം വർഷ കൃഷി ഹെക്ടറൊന്നിന് 4000 രൂപ നിരക്കിൽ | 125 ഹെക്ടർ | 5 ലക്ഷം രൂപ | 5 ലക്ഷം രൂപ |
| 3. | തെങ്ങിൻ തോട്ടങ്ങളിൽ ഉല്പാദന വർദ്ധനവിന് സംയോജിത കൃഷി പദ്ധതി | | | |
| | a.തെങ്ങുകൃഷി പ്രദർശന ത്തോട്ടങ്ങൾ സ്ഥാപിക്കൽ | | | |
| | 1. കുട്ടനാട് പാക്കേജ് (II ഘട്ടം) | 1625 ഹെക്ടർ | 121.875 ലക്ഷംരൂപ | 121.875 ലക്ഷം രൂപ |
| | 2. ഇടുക്കി പാക്കേജ് (II ഘട്ടം) | 1250 ഹെക്ടർ | 93.75 ലക്ഷം രൂപ | 93.75 ലക്ഷം രൂപ |
| | 3. നേരിട്ടുള്ള ധനസഹായം | 1125.99 ഹെക്ടർ | 185.445 ലക്ഷംരൂപ | 185.445 ലക്ഷം രൂപ |
| | 4. ജൈവവള നിർമ്മാണ യൂണിറ്റ് | 10 എണ്ണം | 6 ലക്ഷം രൂപ | 6 ലക്ഷം രൂപ |
| | മൊത്തം | | 519.17 ലക്ഷം രൂപ | 474.37 ലക്ഷം രൂപ |

# പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5993** **7/7/2014** ൽ മറുപടിയ്ക്ക്

## കൊപ്ര സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ഷാഫി പറമ്പിൽ<br>,, ജോസഫ് വാഴക്കൻ<br>,, വർക്കല കഹാർ<br>,, ഹൈബി ഈഡൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) കൊപ്ര സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ), (ബി), (സി) & (ഡി) 2014 വർഷത്തിൽ കൊപ്ര സംഭരണത്തിന് തുടക്കം കുറിച്ചിട്ടില്ല. വിപണിവില ഉയർന്ന് നിൽക്കുന്നതിനാൽ താങ്ങുവില നൽകിയുള്ള കൊപ്ര സംഭരണത്തിന് ആവശ്യകത ഉണ്ടായിരുന്നില്ല. |
| (ബി) ഏതെല്ലാം ഏജൻസികൾ വഴിയാണ് സംഭരിക്കുന്നത്; വിശദാംശങ്ങൾ നൽകുമോ; | |
| (സി) എത്ര രൂപ നിരക്കിലാണ് ഇവ സംഭരിക്കുന്നത്; വിശദമാക്കുമോ; | |
| (ഡ്) കൊപ്ര സംഭരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ ? | |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 5994 — 7/7/2014 ൽ മറുപടിയ്ക്ക്

## പച്ചത്തേങ്ങ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ . ഐ. സി . ബാലകൃഷ്ണൻ<br>'' ഹൈബി ഈഡൻ<br>'' എ. റ്റി . ജോർജ്<br>'' ഷാഫി പറമ്പിൽ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് പച്ചത്തേങ്ങ സംഭരണത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) 1/1/2013 മുതൽ കൃഷി ഭവനുകൾ വഴി കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരണം ആരംഭിച്ചിട്ടുണ്ട്. |
| (ബി) പച്ചത്തേങ്ങ ഏതെല്ലാം ഏജൻസികൾ വഴിയാണ് സംഭരിക്കുന്നത്; വിശദാംശങ്ങൾ വ്യക്തമാക്കാമോ; | (ബി) കൃഷി വകുപ്പും കേരഫെഡും സംയുക്തമായിട്ടാണ് പ്രസ്തു പദ്ധതി നടപ്പാക്കുന്നത്. പഞ്ചായത്ത് തലത്തിൽ കൃഷിഭവനുകൾ വഴി കർഷകരിൽ നിന്നും നാളികേരം സംഭരിച്ച് കേരഫെഡിന് കൈമാറുന്നു. കേരഫെഡ് ഈ നാളികേരം സംസ്കരിച്ച് കൊപ്രയാക്കി മാറ്റി വെളിച്ചെണ്ണ ഉല്പാദനത്തിനായി ഉപയോഗിക്കുന്നു. |
| (സി) എത്ര രൂപ നിരക്കിലാണ് പച്ചത്തേങ്ങ സംഭരിക്കുന്നത്; വിശദമാക്കുമോ ; | (സി) തൊണ്ട് കളഞ്ഞ് വെള്ളത്തോടു കൂടിയ നാളികേരം കിലോയ്ക്ക് 14 രൂപ (രൂപ പതിനാല് മാത്രം) നൽകിയാണ് സംഭരണം ആരംഭിച്ചത്. വിപണി വില ഉയരുന്നതനുസരിച്ച് സംഭരണവിലയിലും വ്യത്യാസം വരുത്തുന്നു. കിലോയ്ക്ക് 28 രൂപ (രൂപ ഇരുപത്തിയെട്ട് മാത്രം) നൽകിയാണ് ഇപ്പോൾ സംഭരിക്കുന്നത്. |
| (ഡി) പച്ചത്തേങ്ങ സംഭരിക്കുന്നതിന് എന്തെല്ലാം സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്? | (ഡി) കൃഷിഭവനുകളുടെ നേരിട്ടുള്ള നിയന്ത്രണത്തിലാണ് സംഭരണം നടത്തുന്നത്. ഇതിന് വേണ്ട സഹായം നൽകുന്നതിനായി ഓരോ കൃഷി ഭവനുകളിലും ഒരു അക്കൗണ്ടന്റിന്റേയും രണ്ട് തൊഴിലാളികളുടേയും സേവനം ലഭ്യമാക്കിയിട്ടുണ്ട്. സംഭരണ, സംസ്കരണ പരിപാടികൾക്ക് മേൽനോട്ടം വഹിക്കാൻ കൃഷിവകുപ്പിൽ നിന്ന് ഉദ്യോഗസ്ഥരെ കേരഫെഡിലേക്ക് ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ പുനർവിന്യസിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **5997** **7/7/2014** ൽ മറുപടിയ്ക്ക്

## തെങ്ങുകളിലെ കീടനിയന്ത്രണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. എം. എ. വാഹീദ് | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | തെങ്ങുകളിൽ കൊമ്പൻചെല്ലി, ചെമ്പൻ ചെല്ലി എന്നീ കീടങ്ങളുടെ ആക്രമണം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ഉണ്ടെങ്കിൽ ഇത് തടയുവാനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ; | (ബി) ചെമ്പൻചെല്ലി, കൊമ്പൻചെല്ലി എന്നിവയുടെ ആക്രമണത്തിൽ നിന്നും തെങ്ങിനെ സംരക്ഷിക്കുന്നതിന് മുൻകൂറായി ചെയ്യേണ്ട സാങ്കേതിക മാർഗ്ഗങ്ങളെ സംബന്ധിച്ച് കൃഷിഭവൻ തലത്തിൽ കർഷകർക്ക് നിർദ്ദേശം നൽകുന്നുണ്ട്. |
| (സി) | ചെമ്പൻചെല്ലി, കൊമ്പൻചെല്ലി എന്നീ കീടങ്ങളുടെ ആക്രമണം നിയന്ത്രിക്കുന്നതിനായി ഫെറമോൺ കെണികൾ കൃഷി ഭവനുകൾ മുഖേന സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ? | (സി) വിള ആരോഗ്യ പരിപാലന പദ്ധതി നടപ്പിലാക്കുന്നതിന് തെരെഞ്ഞെടുത്തിട്ടുള്ള കൃഷിഭവനുകളിൽ ആവശ്യമെങ്കിൽ ഫെറമോൺ കെണികൾ സ്ഥാപിക്കുന്നതിന് കർഷകർക്ക് ധനസഹായം നൽകുന്നതിന് പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6006 — 07.07.2014 ലെ മറുപടിയ്ക്ക്

**മാവേലിക്കര മണ്ഡലത്തിലെ കൃഷിഭൂമിയുടെ അളവ്**

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. ആർ. രാജേഷ് | | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) | മാവേലിക്കര മണ്ഡലത്തിൽ ആകെയുളള കൃഷിഭൂമിയുടെ അളവ് ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിൽ വിശദമാക്കമോ; | (എ) മാവേലിക്കര മണ്ഡലത്തിൽ ആകെയുളള കൃഷിഭൂമി 13928 ഹെക്ടറാണ്. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുളള കൃഷിഭൂമിയുടെ അളവിന്റെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) | ഇതിൽ കഴിഞ്ഞ പത്ത് വർഷമായി കൃഷി ചെയ്യാത്ത ഭൂമി എത്രയെന്ന് ഗ്രാമ പഞ്ചായത്തു തിരിച്ച് വിശദമാക്കുമോ? | (ബി) കഴിഞ്ഞ പത്തു വർഷമായി കൃഷി ചെയ്യാത്ത ഭൂമി 497 ഹെക്ടറാണ്. ഗ്രാമപഞ്ചായത്ത് അടിസ്ഥാനത്തിലുളള വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| ക്രമ നമ്പർ | ഗ്രാമപഞ്ചായത്ത് | കൃഷിഭൂമിയുടെ അളവ് (ഹെക്ടറിൽ) | കൃഷി ചെയ്യാത്ത ഭൂമി (ഹെക്ടറിൽ) |
|---|---|---|---|
| 1 | തെക്കേക്കര | 1982 | 150 |
| 2 | മാവേലിക്കര | 1560 | 60 |
| 3 | താഴക്കര | 2436 | 15 |
| 4 | ചുനക്കര | 900 | 15 |
| 5 | നൂറനാട് | 2126 | 142 |
| 6 | പാലമേൽ | 1640 | 20 |
| 7 | താമരക്കുളം | 1484 | 85 |
| 8 | വള്ളികുന്നം | 1800 | 25 |
| | **ആകെ** | **13928** | **497** |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6009 — 07.07.2014 ലെ മറുപടിയ്ക്ക്

**മലബാർ കയ്പാട് ഫാർമേഴ്സ് സൊസൈറ്റി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി.വി. രാജേഷ് | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും, അച്ചടിയും, സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| **(എ)** കൃഷി വകുപ്പ് മുഖേന ഫാർമേഴ്സ് സൊസൈറ്റികൾക്ക് എന്തൊക്കെ സഹായങ്ങളാണ് ഇപ്പോൾ നൽകിവരുന്നത്; വിശദാംശം നൽകുമോ; | **(എ)** കൃഷി വകുപ്പ് മുഖേന പാടശേഖര സമിതികൾ, കേരശ്രീ ക്ലസ്റ്ററുകൾ, കുരുമുളക് കർഷക സമിതികൾ, കാർഷിക കർമ്മസേന അഗ്രോ സർവ്വീസ് സെന്ററുകൾ, പച്ചക്കറി കർഷകരുടെ ക്ലസ്റ്ററുകൾ എന്നിവ വഴി അതാത് വിള വികസനപദ്ധതിയിൽ അനുവദിച്ചിട്ടുള്ള ആനുകൂല്യങ്ങൾ കർഷകർക്ക് നൽകി വരുന്നു. |
| **(ബി)** കണ്ണൂർ ജില്ലയിലെ മലബാർ കയ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് ഭക്ഷ്യസുരക്ഷാ പദ്ധതിക്കായി ഫണ്ട് അനുവദിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ? | **(ബി)** കണ്ണൂർ ജില്ലയിലെ മലബാർ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റിക്ക് ഭക്ഷ്യസുരക്ഷാ പദ്ധതിയുടെ ഭാഗമായി കർഷകതൊഴിലാളികളുടെ കർമ്മസേന അംഗങ്ങൾക്ക് പരിശീലനം നൽകുന്നതിനായി 2010-11 സാമ്പത്തിക വർഷത്തിൽ 'ആത്മ' പദ്ധതി പ്രകാരം തളിപ്പറമ്പ് ബ്ലോക്കിൽ 63,000/- രൂപയും ഏഴോം പഞ്ചായത്തിന് 20,000/- രൂപയും അനുവദിച്ചിട്ടുണ്ട്. |

a

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
## പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **6012** **7/7/2014** ൽ മറുപടിയ്ക്ക്

# റബ്ബർ സംഭരണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.എസ്. സുനിൽകുമാർ<br>'' പി. തിലോത്തമൻ<br>'' കെ. അജിത്<br>'' ഇ.കെ. വിജയൻ | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |

| | | | |
|---|---|---|---|
| (എ) | റബ്ബർ സംഭരണം ആരംഭിച്ചതെന്നു മുതലാണ് ; | (എ) | റബ്ബർ സംഭരിക്കുന്നതിനുള്ള സർക്കാർ ഉത്തരവ് സ.ഉ (എം.എസ്) നം.56/2014/കൃഷി 25/02/2014-ൽ നിലവിൽ വരികയും തുടർന്ന് റബ്ബർമാർക്ക് 2014 മാർച്ച് 10 മുതലും, മാർക്കറ്റ്ഫെഡ് 2014 മാർച്ച് 11 മുതലുമാണ് റബ്ബർ സംഭരണം ആരംഭിച്ചത്. |
| (ബി) | ഈ ഏജൻസികൾ റബ്ബർ സംഭരണം എപ്പോഴെങ്കിലും നിറുത്തിവച്ചിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു കാരണത്താലാണ് നിറുത്തിവച്ചതെന്ന് വ്യക്തമാക്കുമോ; | (ബി) | നിർത്തിവച്ചിട്ടുണ്ട്. ഫണ്ടിന്റെ അപര്യാപ്തത പരിഹരിക്കുന്നതിന് കൺസോർഷ്യം ഫണ്ട് രൂപീകരിച്ചുവെങ്കിലും ബഹു.ഹൈക്കോടതി ആയത് സ്റ്റേ ചെയ്യുകയുണ്ടായി. ഫണ്ടിന്റെ അപര്യാപ്തത മൂലമാണ് ഏജൻസികൾ റബ്ബർ സംഭരണം നിറുത്തി വച്ചത്. |
| (സി) | റബ്ബറിന്റെ ഇപ്പോഴത്തെ സംഭരണ വില എത്രയാണ് ; | (സി) | റബ്ബർ സംഭരണം നിറുത്തിവച്ചിരിക്കുന്ന സാഹചര്യത്തിൽ ബാധകമല്ല. |
| (ഡി) | സംസ്ഥാനത്ത് റബ്ബർ ഇറക്കുമതി ചെയ്യുന്നുണ്ടോ? | (ഡി) | ഇന്ത്യയിലേക്ക് വ്യവസായിക ആവശ്യത്തിനായി റബ്ബർ ഇറക്കുമതി ചെയ്യുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **6013**      **7/7/2014** ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ ഇറക്കുമതി തീരുവ

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. വി. ചെന്താമരാക്ഷൻ | | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | റബ്ബറിന്റെ ഇറക്കുമതി തീരുവ എത്ര ശതമാനം വർദ്ധിപ്പിച്ചു; തീരുവ വർദ്ധിപ്പിച്ചതി നുശേഷം റബ്ബർ വിലയിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന്റെ കാരണവും വ്യക്തമാക്കാമോ; | (എ) കേന്ദ്ര ധനകാര്യമന്ത്രാലത്തിന്റെ കീഴിലുള്ള റവന്യൂ വകുപ്പിന്റെ നോട്ടിഫിക്കേഷൻ നമ്പർ 51/2013 പ്രകാരം 2013 ഡിസംബർ 20 മുതൽ ഇറക്കുമതി തീരുവ 20 ശതമാനമോ 30 രൂപയോ ഏതാണ് കുറവ് ആ നിരക്കായി വർദ്ധിപ്പിച്ചിട്ടുണ്ട്. തീരുവ വർദ്ധിപ്പിച്ചതിന് ശേഷം റബ്ബറിന്റെ വിലയിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടില്ല.<br>റബ്ബർ ഒരു വ്യവസായിക പ്രാധാന്യമുള്ള ഉല്പന്നമായതിനാൽ ഇതിന്റെ വില അന്താരാഷ്ട്ര വിലയെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്. റബ്ബർ വില വർദ്ധിക്കാത്തതിന്റെ പ്രധാനകാരണം ആഭ്യന്തര-അന്താരാഷ്ട്ര ആവശ്യകതയിലുണ്ടാകുന്ന വ്യതിയാനവും അന്താരാഷ്ട്ര കമ്പോള വിലയിലുണ്ടാകുന്ന കുറവുമാണ്. |
| (ബി) | കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ സ്വാഭാവിക റബ്ബറിന്റെ വില എത്ര ശതമാനം ഇടിഞ്ഞു എന്ന് വ്യക്തമാക്കാമോ; | (ബി) 2012 ൽ റബ്ബറിന്റെ ശരാശരി വില ക്വിന്റലിന് 18390 രൂപയായിരുന്നു. എന്നാൽ 2013 ലെ ശരാശരി വില 16,884 രൂപയാണ്. 2012 നെ അപേക്ഷിച്ച് ഏകദേശം 8 ശതമാനം വിലയിടിവാണ് 2013 ൽ സംഭവിച്ചിരിക്കുന്നത്. 2014 മേയ് മാസം വരെയുള്ള ശരാശരി വില ക്വിന്റലിന് 14750 രൂപയാണ്. 2012 നെ അപേക്ഷിച്ച് ഏകദേശം 20 ശതമാനം വിലയിടിവാണ് 2014 ൽ സംഭവിച്ചിരിക്കുന്നത്. |
| (സി) | റബ്ബർ കർഷകർക്ക് റബ്ബർ ബോർഡിൽ നിന്നും ലഭിക്കുന്ന സഹായം എന്തെല്ലാമെന്ന് വിശദമാക്കാമോ; | (സി) റബ്ബർ ബോർഡിന്റെ 12-ാമത്തെ പ്ലാൻ സ്കീം "sustainable and inclusive development of natural rubber sector" ന് ആകെ 960 കോടി രൂപയാണ് |

വകയിരുത്തിയിട്ടുള്ളത്. ദേശീയതലത്തിൽ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതിയിൽ റബ്ബർ തോട്ടങ്ങളുടെ വികസനം, വിജ്ഞാനവ്യാപനം. ഗവേഷണം. റബ്ബറിന്റെയും റബ്ബർ തടിയുടേയും സംസ്കരണവും, വിപണനത്തിനും ആനുകൂല്യം , തൊഴിലാളികളുടെ ഉന്നമനം, പരിശീലനം എന്നീ ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

റബ്ബർ കർഷകർക്ക് പ്രധാനമായും നൽകുന്ന ആനുകൂല്യം നടീലിനുള്ള ധനസഹായമാണ്.

| പ്രദേശം | ധനസഹായ-ത്തിന്റെ നിരക്ക് | അർഹത |
|---|---|---|
| Traditional region കേരളം, തമിഴ്നാട്ടിലെ കന്യാകുമാരി ജില്ല | ഹെക്ടറിന് 25000 രൂപ | 5 ഹെക്ടർ വരെ റബ്ബർ കൃഷി ഉള്ളവർക്ക് പരമാവധി 2 ഹെക്ടറി-നുള്ള ആനുകൂലം നൽകും. |
| Non Traditional Region otherthan NE | ഹെക്ടറിന് 35000 രൂപ (നടീൽ സബ് സിഡിയായി 30000 രൂപയും നടീൽ വസ്തു-വിന്റെ വിലയായി 5000 രൂപയും) | 10 ഹെക്ടർ വരെ റബ്ബർ കൃഷി ഉള്ള കർഷകർക്ക് പരമാവധി 5 ഹെക്ടറിനുള്ള ആനുകൂലം നൽകും |
| NE region | ഹെക്ടറിന് 35000 രൂപ(നടീൽ സബ് സിഡിയായി 22000 രൂപയും നടീൽ വസ്തുവിന്റെ വിലയായി 5000 രൂപയും | 20 ഹെക്ടർ വരെ റബ്ബർ കൃഷി ഉള്ള കർഷകർക്ക് പരമാവധി 10 ഹെക്ടറിനുള്ള ആനുകൂല്യം നൽകും |

(ഡി) റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കാനും കേന്ദ്രസർക്കാരിന് മേൽ സമ്മർദ്ദം ചെലുത്താനും നടപടി സ്വീകരി ക്കുമോ?

(ഡി) റബ്ബറിന്റെ ഇറക്കുമതി ചുങ്കം വർദ്ധിപ്പിക്കണമെന്ന് ആവശ്യപ്പെട്ട് കൊണ്ട് സംസ്ഥാന സർക്കാർ കേന്ദ്ര സർക്കാരിന് പല പ്രാവശ്യമായി നിവേദനങ്ങൾ നൽകിയിട്ടുണ്ട്.

**സെക്ഷൻ ഓഫീസർ**

# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. **6014** **7/7/2014** ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ വിലയിടിവ്

| ചോദ്യം | | ഉത്തരം |
|---|---|---|
| | ശ്രീ. സി. ദിവാകരൻ | **ശ്രീ. കെ.പി. മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) | റബ്ബറിന്റെ വിലയിടിവ് മൂലം നാമമാത്ര റബ്ബർകൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ ; | (എ) റബ്ബറിന്റെ വിലയിടിവ് മൂലം നാമമാത്ര റബ്ബർ കൃഷിക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്, സംസ്ഥാനസർക്കാർ വിപണിയിൽ ഇടപെട്ട് റബ്ബർ സംഭരിക്കുന്നതിന് 25/2/2014 തീയതിയിലെ സ.ഉ. (എംഎസ്) നമ്പർ 56/2014/കൃഷി പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത് പ്രകാരം കേരള സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് റബ്ബർ മാർക്കറ്റിംഗ് ഫെഡറേഷൻ, മാർക്കറ്റ്ഫെഡ്, റബ്ബർബോർഡിന്റെ കീഴിലുള്ള റബ്ബർ പ്രൊഡ്യൂസേഴ്സ് കമ്പനികൾ എന്നീ ഏജൻസികളാണ് റബ്ബർ സംഭരണം നടത്തുന്നത്. റബ്ബർബോർഡിന്റെ കോട്ടയം വിപണിയുടെ ദൈനംദിന വിപണി വിലയിൽ നിന്നും കിലോയ്ക്ക് 2 രൂപ കൂടുതൽ നൽകിയാണ് കർഷകരിൽ നിന്നും റബ്ബർ സംഭരണം നടത്തുന്നത്. |
| (ബി) | എങ്കിൽ അതു വഴി എത്ര കൃഷിക്കാർക്കാണ് പ്രയോജനം ലഭിച്ചതെന്ന് അറിയിക്കാമോ; | (ബി) & (സി) റബ്ബർമാർക്കും മാർക്കറ്റ്ഫെഡും സഹകരണ സംഘങ്ങൾ വഴി റബ്ബർ സംഭരിച്ചത് കൂടാതെ 425 കർഷകരിൽ നിന്ന് റബ്ബർമാർക്ക് നേരിട്ട് റബ്ബർ സംഭരിച്ചിട്ടുണ്ട്. |
| (സി) | ഇല്ലെങ്കിൽ എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | |

**സെക്ഷൻ ഓഫീസർ**

# പതിമൂന്നാം കേരള നിയമസഭ
# പതിനൊന്നാം സമ്മേളനം.

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 6015 7/7/2014 ൽ മറുപടിയ്ക്ക്

## റബ്ബറിന്റെ വിലയിടിവ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജെയിംസ് മാത്യു | ശ്രീ. കെ.പി. മോഹനൻ<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി) |
| (എ) റബ്ബറിന്റെ വിലയിടിവ് തടയാൻ ഇറക്കുമതിചുങ്കം ഉയർത്തുന്നതുൾപ്പെടെയുള്ള നടപടികൾ സ്വീകരിക്കാൻ കേന്ദ്രഗൺമെന്റിനോട് ആവശ്യപ്പെടുമോയെന്ന് വ്യക്തമാക്കാമോ; | (എ) റബ്ബറിന്റെ ഇറക്കുമതി ചുങ്കം കുറച്ചത് കാരണം റബ്ബറിനുണ്ടായ വിലയിടിവ് നേരിടുവാൻ സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് പല പ്രാവശ്യമായി നിവേദനങ്ങൾ നൽകിയിട്ടുണ്ട്. റബ്ബറിന്റെ ഇറക്കുമതിയ്ക്ക് മുമ്പുണ്ടായിരുന്ന തുറമുഖ നിയന്ത്രണങ്ങൾ പുന:സ്ഥാപിക്കുക, സ്വാഭാവിക റബ്ബറിന്റെ എല്ലാ ഗ്രേഡിലുമുള്ള ഇറക്കുമതി തീരുവ ഇപ്പോൾ റബ്ബർ ലാറ്റക്സ് തീരുവയുടെ 70 ശതമാനത്തിനോടൊപ്പമാക്കി നിജപ്പെടുത്തുക, സ്വാഭാവിക റബ്ബറിന്റെ കയറ്റുമതി പ്രോത്സാഹിപ്പിക്കുവാൻ ഇതിന് കയറ്റുമതി സബ്സിഡി ഏർപ്പെടുത്തുക എന്നീ കാര്യങ്ങൾ നടപ്പിലാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. |
| (ബി) കമ്പനികൾക്ക് ആവശ്യമുള്ള റബ്ബറിന്റെ എത്ര ശതമാനം വരെ ഇറക്കുമതി ചെയ്യാമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്;<br><br>(സി) വ്യവസ്ഥ ചെയ്തിട്ടുള്ളതിൽ കൂടുതൽ റബ്ബർ കമ്പനി കൾ ഇറക്കുമതി ചെയ്യുന്നുണ്ടോയെന്ന് നിരീക്ഷിക്കാൻ ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുന്ന കാര്യം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെടുമോയെന്ന് വിശദമാക്കാമോ? | (ബി) & (സി) 2001 ഏപ്രിൽ മാസം 1-ാം തീയതി മുതൽ റബ്ബറിന്റെ ഇറക്കുമതിക്കുമേലുള്ള നിയന്ത്രണം ഒഴിവാക്കിയിട്ടുണ്ട്. അത് പ്രകാരം സ്വാഭാവിക റബ്ബർ ഡ്യൂട്ടി ഫ്രീ ചാനൽ മുഖേന ഇറക്കുമതി ചെയ്യാവുന്നതാണ്. Advance Licensing Scheme (ALS) ഉം Duty Free Import Authorisation Scheme പ്രകാരവും റബ്ബർ ഉല്പന്നങ്ങളുടെ കയറ്റുമതിക്കെതിരെ, സ്വാഭാവിക റബ്ബർ ഇറക്കുമതി, ഡ്യൂട്ടി ഫ്രീ ചാനൽ മുഖേന ചെയ്യാവുന്നതാണ്. |

സെക്ഷൻ ഓഫീസർ

**പതിമൂന്നാം കേരള നിയമസഭ**
**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6041 07.07.2014-ൽ മറുപടിയ്ക്ക്

## സ്റ്റേഷനറി വകുപ്പിൽ നിന്നും നൽകിവരുന്ന സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ. എൻ.എ.ഖാദർ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) സർക്കാർ ഓഫീസുകളിലും എം.എൽ.എ-മാർക്കും മന്ത്രിമാർക്കും സ്റ്റേഷനറി വകുപ്പിൽ നിന്നും നൽകിവരുന്ന സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരത്തെക്കുറിച്ചുള്ള പരാതികൾ സർക്കാരിന്റെ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) സർക്കാരിലേയ്ക്ക് പരാതികൾ ലഭിച്ചിട്ടില്ല. എന്നാൽ എം.എൽ.എ മാർക്ക് വിതരണം ചെയ്ത ജെൽ പേന ഉപയോഗയോഗ്യമല്ലെന്ന് പരാതി ലഭിച്ചിട്ടുണ്ടെന്ന് സ്റ്റേഷനറി കൺട്രോളർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (ബി) ഗുണനിലവാരമില്ലാത്ത സാധനങ്ങൾ വിതരണം ചെയ്യുന്ന കമ്പനികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുന്നത് ; | (ബി) ഉപയോഗയോഗ്യമല്ലാത്ത ജെൽ പേന വിതരണം ചെയ്തുവെന്ന പരാതിയെ തുടർന്ന് കരാറുകാരനോട് പകരം പേനകൾ വിതരണം ചെയ്യാൻ നിർദ്ദേശിക്കുകയും, ഉപയോഗയോഗ്യമായ പേന വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. |
| (സി) ഗുണനിലവാരമില്ലാത്ത സാധനങ്ങൾ സർക്കാരിന് വിതരണം ചെയ്ത ഏതെങ്കിലും കമ്പനികളിൽ നിന്നും തുക തിരികെ ഈടാക്കിയിട്ടുണ്ടോ; | (സി) ഇല്ല. |
| (ഡി) സർക്കാർ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്യുന്ന സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പുവരുത്തുന്നതിന് ഒരു സ്ഥിരം സംവിധാനം ഏർപ്പെടുത്തുമോ ? | (ഡി) സർക്കാർ സ്ഥാപനങ്ങൾക്ക് വാങ്ങി നൽകുന്ന പേപ്പറിന്റെ ഗുണമേന്മ നിശ്ചയിക്കുന്നതിന് പേപ്പർ ടെസ്റ്റിംഗ് ലാബ് സ്റ്റേഷനറി വകുപ്പിൽ പ്രവർത്തിക്കുന്നുണ്ട്. സ്റ്റേഷനറികൾ അംഗീകൃത സാമ്പിളുമായി ഒത്തുനോക്കി ഗുണനിലവാരം ഉറപ്പുവരുത്തിയ ശേഷമാണ് സ്റ്റോക്കിലെടുക്കാറുള്ളത്. വിതരണത്തിൽ നിന്നും റാൻഡം സെലക്ഷനിലൂടെ സാമ്പിളുകൾ ശേഖരിച്ച് ഗുണനിലവാരം ഉറപ്പുവരുത്താറുണ്ട്. മേല്പറഞ്ഞ സ്ഥിരം സംവിധാനങ്ങൾ മേലിലും സ്റ്റേഷനറി സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കുന്നതിന് ഉപയോഗിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6042 07.07.2014-ൽ മറുപടിയ്ക്ക്

## ഡ്യൂട്ടി സമയത്ത് മദ്യപിച്ച പ്രസ്സ് ജീവനക്കാർക്കെതിരെ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി. ശിവൻകുട്ടി | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) വാഴൂർ സർക്കാർ പ്രസ്സിൽ ഏതെങ്കിലും ജീവനക്കാർ ഡ്യൂട്ടിക്കിടെ മദ്യപിച്ചതിന് വിജിലൻസ് വിഭാഗം കണ്ടെത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ അവർ ആരൊക്കെയാണെന്നും അവരുടെ തസ്തികകൾ ഏതൊക്കെ യാണെന്നും വ്യക്തമാക്കുമോ; | (എ) ഉണ്ട്. ഡ്യൂട്ടിക്കിടെ മദ്യപിച്ചതായി വിജിലൻസ് വിഭാഗം കണ്ടെത്തിയ ജീവന ക്കാരുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.<br>ശ്രീ.സന്ദീപ്കുമാർ.വി.കെ (രണ്ടാം ഗ്രേഡ് ബയന്റർ), ശ്രീ.സാജൻ വർഗ്ഗീസ് (ഡി.റ്റി.പി. ഓപ്പറേറ്റർ), ശ്രീ.സുകുമാരൻ.വി.കെ (എസ്. എൽ.ആർ), ശ്രീ.മുഹമ്മദ് നജീം (റീടച്ചിംഗ് ആർട്ടിസ്റ്റ്), ശ്രീ.ജോസ് കുട്ടി മാത്യു (ക്യാമറ ഓപ്പറേറ്റർ), ശ്രീ.മാത്യു ജോസഫ് (എസ്.എൽ.ആർ) |
| (ബി) ടി ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടു ക്കുവാൻ വിജിലൻസ് വിഭാഗം ശുപാർശ ചെയ്തിട്ടുണ്ടോ ; | (ബി) ഉണ്ട്. |
| (സി) ഉണ്ടെങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നു വ്യക്തമാക്കുമോ ? | (സി) പ്രസ്തുത ജീവനക്കാർക്കെതിരെയുള്ള വിജി ലൻസ് ആരോപണം സംബന്ധിച്ച ഫയൽ പരിശോധിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6043 07.07.2014-ൽ മറുപടിയ്ക്ക്

## അച്ചടിവകുപ്പിലെ ജീവനക്കാരുടെ പെരുമാറ്റച്ചട്ട ലംഘനം

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ.വി. ശിവൻകുട്ടി | | **ശ്രീ.കെ.പി.മോഹനൻ**<br>(കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) അച്ചടിവകുപ്പിലെ ഒരു ജീവനക്കാരൻ സർക്കാർ ജീവനക്കാരുടെ പെരുമാറ്റ ച്ചട്ടങ്ങൾക്ക് വിരുദ്ധമായി ഗവൺമെന്റ് പ്രസ്സിലെ സൂപ്രണ്ടിനോട് അപമര്യാദയായി പെരുമാറിയതു സംബന്ധിച്ച് ടി സൂപ്രണ്ടിന്റെ പരാതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട് |
| (ബി) ഉണ്ടെങ്കിൽ പ്രസ്തുത ജീവനക്കാരന്റെ പേര്, തസ്തിക എന്നിവ വ്യക്തമാക്കുമോ; | (ബി) | ശ്രീ.കെ.മോഹനൻ, ജൂനിയർ ഫോർമാൻ ബൈന്റിംഗ് വിഭാഗം. |
| (സി) മേൽപ്പറഞ്ഞ പരാതിയിന്മേൽ നടപടി സ്വീകരിക്കുവാൻ അച്ചടിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്മേൽ എന്തു നടപടി സ്വീകരിച്ചു എന്നും ഇല്ലെങ്കിൽ അത് എന്തുകൊണ്ടാണെന്നും വ്യക്തമാക്കുമോ ? | (സി) | പരാതിയിന്മേൽ അച്ചടക്കനടപടി സ്വീകരിക്കുവാൻ അച്ചടിവകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ പ്രാഥമികാന്വേഷണത്തിനായി അച്ചടിവകുപ്പിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസറെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

08/07/2014 ൽ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6218

## ദുരിതാശ്വാസനിധിയിൽ നിന്നനുവദിച്ച തുക ലഭ്യമാക്കാൻ നടപടി

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. കെ. കെ.ജയചന്ദ്രൻ | | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്ന് ധന സഹായം ലഭിക്കുന്നതിനായി ശ്രീമതി സുമതി കരുണാകരൻ, പനയക്കൽ, ചെറുപുറം, രാജക്കാട് എന്നയാൾ അപേക്ഷ സമർപ്പിച്ചിരുന്നോ;<br><br>(ബി) അപേക്ഷ 23430/DRF/CM/2013 എന്ന നമ്പറിൽ രേഖപ്പെടുത്തുകയും Rs.1,00,000 അപകടമരണം സംഭവിച്ച വ്യക്തിയുടെ ആശ്രിതയായ സുമതിക്ക് അനുവദിച്ചിരിക്കുന്നുവെന്ന് മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്ന് അറിയിക്കുകയും ചെയ്തിട്ടുണ്ടോ; അപേക്ഷകയ്ക്ക് പ്രസ്തുത തുക കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ;<br><br>(സി) അപേക്ഷകയ്ക്ക് പ്രസ്തുത ധനസഹായം അടിയന്തരമായി ലഭിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ? | (എ), (ബി) & (സി) | ശ്രീമതി സുമതി കരുണാകരൻ, പനയക്കൽ, ചെറുപുറം, രാജക്കാട് എന്നയാൾ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായത്തിനായി അപേക്ഷ സമർപ്പിച്ചിട്ടുള്ളതും ആയത് റിപ്പോർട്ടിനായി ഇടുക്കി ജില്ലാ കളക്ടർക്ക് അയച്ചു കൊടുത്തിട്ടുള്ളതുമാണ്. കക്ഷിയുടെ മേൽവിലാസത്തിൽ അന്വേഷണം നടത്തിയതിൽ ആളെ കണ്ടെത്തുവാൻ സാധിച്ചിട്ടില്ല. കക്ഷിയെ കണ്ടെത്തി ജില്ലാ കളക്ടറുടെ റിപ്പോർട്ട് ലഭിച്ചാൽ ധനസഹായം അനുവദിച്ചു ഉത്തരവ് പുറപ്പെടുവിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 6222

08/07/2014 ൽ മറുപടിയ്ക്ക്

## മൂക്കന്നൂർ പഞ്ചായത്തിൽ കനാൽ വെള്ളത്തിൽ വീണ് മരിച്ച അലീനയുടെ കുടുംബത്തിന് സഹായധനം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| അങ്കമാലി നിയോജക മണ്ഡലത്തിലെ മൂക്കന്നൂർ പഞ്ചായത്തിൽ 14-ാം വാർഡിൽ പറമ്പയം ഭാഗത്ത് 2014 മെയ് മാസം 13-ാം തീയതി ചാലക്കുടി ഇടതു കര കാലടി മെയിൻ കനാലിൽ പാലാട്ടി വീട്ടിൽ ടോമി യുടെയും സിനിയുടെയും മകളായ അലീന കനാൽ വെള്ളത്തിൽ വീണ് മരിച്ചത് കണക്കിലെടുത്ത് കുട്ടിയുടെ കുടുംബത്തിന് ദുരിതാശ്വാസ നിധിയിൽ നിന്നും സഹായ ധനം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ? | നിലവിൽ ഈ ആവശ്യത്തിലേക്കായി അപേക്ഷയൊന്നുംലഭിച്ചിട്ടില്ല. മുഖ്യമന്ത്രി യുടെ ദുരിതാശ്വാസ നിധിയിൽ നിന്നും ഒരു ലക്ഷം രൂപാ അപേക്ഷ വാങ്ങി നൽകുവാൻ കലക്ടർക്കു നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ.

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ : 6228

08.07.2014-ൽ മറുപടിക്ക്.

## ഫയർമാൻ തസ്തികയിലെ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ജി. സുധാകരൻ | ശ്രീ. ഉമ്മൻചാണ്ടി (മുഖ്യമന്ത്രി) |
| (എ) ഫയർമാൻ തസ്തികയിലേക്ക് എന്നാണ് പി.എസ്.സി അവസാനമായി അപേക്ഷ ക്ഷണിച്ചത്; പരീക്ഷ നടത്തിയതും, ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ചതും എന്നാണെന്ന് വിശദമാക്കുമോ; | :(എ) ഫയർമാൻ (ട്രെയിനി) തസ്തികയിലേയ്ക്ക് 28.03.2012 ലാണ് അവസാനമായി അപേക്ഷ ക്ഷണിച്ചത് (കാറ്റഗറി നമ്പർ 1/2012) 25.08.2012 ൽ ഒ.എം.ആർ പരീക്ഷ നടത്തുകയും 30.01.2014 ൽ ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിക്കുകയും ചെയ്തു. |
| (ബി) ഷോർട്ട് ലിസ്റ്റ് പ്രസിദ്ധീകരിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും കായികക്ഷമതാ പരീക്ഷ നടത്തി, റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതിനുള്ള തടസ്സം എന്താണെന്ന് വ്യക്തമാക്കുമോ; | : (ബി) കായിക ക്ഷമതാ പരീക്ഷ നടത്തുന്നതിനുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. കായികക്ഷമതാ പരീക്ഷയുടെ തീയതി ഉടൻ പ്രസിദ്ധീകരിക്കുന്നതാണ്. |
| (സി) ഫയർമാൻ തസ്തികയുടെ എത്ര ഒഴിവുകൾ പി.എസ്.സിയ്ക്ക് റിപ്പോർട്ട് ചെയ്ത് ലഭിച്ചിട്ടുണ്ട്; റാങ്ക് ലിസ്റ്റ് എന്നു പ്രസിദ്ധീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ? | : (സി) നിലവിൽ ആകെ 1010 ഫയർമാൻ ട്രെയിനി ഒഴിവുകൾ കേരള പബ്ളിക് സർവ്വീസ് കമ്മീഷനു റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കായിക ക്ഷമതാ പരീക്ഷ കഴിയുന്ന മുറയ്ക്ക് എത്രയും പെട്ടെന്ന് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6233 — 08.07.2014 -ൽ മറുപടിയ്ക്ക്

## ബിവറേജസ് കോർപ്പറേഷനിലെ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എം. ഹംസ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |
| (എ) ബിവറേജസ് കോർപ്പറേഷനിലേക്ക് ഹെൽപ്പർ, പ്യൂൺ റാങ്ക്ലിസ്റ്റ് നിലവിലുണ്ടോ ; എങ്കിൽ പ്രസ്തുത ലിസ്റ്റിൽനിന്ന് ഇതുവരെ എത്ര പേരെ നിയമിച്ചു എന്ന് വ്യക്തമാക്കുമോ ; | (എ) കേരള സംസ്ഥാന ബിവറേജസ് കോർപ്പറേഷനിൽ ഹെൽപ്പർ, പ്യൂൺ തസ്തികയിൽ റാങ്ക്ലിസ്റ്റ് നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റിൽ നിന്ന് 246 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകി. ഇതിൽ 89 പേർ ജോലിയിൽ പ്രവേശിച്ചു. |
| (ബി) ആകെ എത്ര ഒഴിവുകളാണ് റിപ്പോർട്ട് ചെയ്തുകിട്ടിയിട്ടുള്ളത് ; | (ബി) 247 ഒഴിവുകൾ പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. |
| (സി) എത്രപേരെ ഉടൻ നിയമിക്കാൻ സാധ്യതയുണ്ടെന്ന് വ്യക്തമാക്കുമോ ; | (സി) 157 എൻ.ജെ.ഡി ഒഴിവുകളും ഒരു പുതിയ ഒഴിവും പി. എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഈ ഒഴിവുകളിലേയ്ക്ക് പി.എസ്.സി ഉദ്യോഗാർത്ഥികളെ ശുപാർശ ചെയ്യുന്ന മുറയ്ക്ക് അവർക്കും നിയമന ഉത്തരവ് നൽകുന്നതായിരിക്കും. |
| (ഡി) പ്രസ്തുത ലിസ്റ്റിന്റെ സപ്ലിമെന്ററി ലിസ്റ്റിൽനിന്ന് ആരെയെങ്കിലും നിയമിച്ചിട്ടുണ്ടോ ? | (ഡി) വിവരം ശേഖരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6236</u> — <u>08.07.2014 -ൽ മറുപടിയ്ക്ക്</u>

## ബിവറേജസ് കോർപ്പറേഷനിലെ ഹെൽപ്പർ, പ്യൂൺ നിയമനങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീമതി ഇ.എസ്. ബിജി മോൾ | ശ്രീ. ഉമ്മൻ ചാണ്ടി (മുഖ്യമന്ത്രി) |

---

(എ) ബിവറേജസ് കോർപ്പറേഷനിലേക്ക് ഹെൽപ്പർ, പ്യൂൺ റാങ്ക് ലിസ്റ്റ് നിലവിലുണ്ടോ; ഉണ്ടെങ്കിൽ ഇതിൽ നിന്ന് ഇതുവരെ എത്രപേരെ നിയമിച്ചു എന്ന് വ്യക്തമാക്കാമോ; ഇനിയും എത്രപേർക്ക് ഉടനെ നിയമനം ലഭിക്കാൻ സാദ്ധ്യതയുണ്ടെന്നറിയിക്കുമോ ;

(എ) ബിവറേജസ് കോർപ്പറേഷനിലേക്ക് ഹെൽപ്പർ, പ്യൂൺ തസ്തികയിലേക്ക് റാങ്ക് ലിസ്റ്റ് നിലവിലുണ്ട്. 246 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ് നൽകിയതിൽ 89 പേർ ജോലിയിൽ പ്രവേശിച്ചു. 157 എൻ.ജെ.ഡി ഒഴിവുകളും, ഒരു ഹെൽപ്പർ രാജിവെച്ചതു മുഖേനയുണ്ടായ ഒഴിവും പി.എസ്.സിക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(ബി) മൊത്തം എത്ര ഒഴിവുകളാണ് ഇതുവരെ റിപ്പോർട്ട് ചെയ്തുകിട്ടിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(ബി) ആകെ 247 ഒഴിവുകളാണ് പി.എസ്.സി ക്ക് റിപ്പോർട്ട് ചെയ്തിട്ടുള്ളത്

(സി) നിലവിലുള്ള റാങ്ക്ലിസ്റ്റിന്റെ സപ്ലിമെന്ററി ലിസ്റ്റിൽനിന്ന് ആർക്കെങ്കിലും നിയമനം ലഭിച്ചിട്ടുണ്ടോയെന്നറിയിക്കുമോ ?

(സി) വിവരം ശേഖരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6240 | 08.07.2014 -ൽ മറുപടിയ്ക്ക്

# ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ബെന്നി ബെഹനാൻ<br>,, പി.എ. മാധവൻ<br>,, പാലോട് രവി<br>,, എം.പി. വിൻസെന്റ് | ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി) |

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നുണ്ടോയെന്ന് വിശദമാക്കുമോ ;

(എ) കേരള സ്റ്റേറ്റ് ബിവറേജസ് കോർപ്പറേഷൻ ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധനസഹായം നൽകുന്നുണ്ട്. സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി ലഹരി മോചന കേന്ദ്രങ്ങൾക്ക് ധന സഹായം നൽകുന്നതിനായി 2012-13 സാമ്പത്തിക വർഷത്തിൽ 3.50 കോടിരൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) ഇതിനായി ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങളുടെ യോഗ്യത നിശ്ചയിക്കുന്നത് എങ്ങനെയാണ് ; വിശദാംശങ്ങൾ എന്തെല്ലാം ;

(ബി) ലഹരി വിമുക്ത ചികിത്സാ കേന്ദ്രങ്ങൾക്ക് ധന സഹായം നൽകുന്നതിനായി ഇത്തരം സ്ഥാപനങ്ങളെ തിരഞ്ഞെടുക്കുന്നതിന് ആവശ്യമായ മാനദണ്ഡം 23/06/2013-ലെ ജി.ഒ.(എം.എസ്) നം. 147/2013/നി.വ പ്രകാരം സർക്കാർ രൂപീകരിച്ചിട്ടുണ്ട്. കൂടാതെ പരിശോധനകൾക്കായി ജില്ലാ തലങ്ങളിലും സംസ്ഥാനതലങ്ങളിലും കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ജില്ലാ കളക്ടർ ചെയർമാനായും, ജില്ലാ ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർ കൺവീനറായും, ജില്ലാ സാമൂഹ്യനീതി ഓഫീസർ, ഒരു സാമൂഹ്യ പ്രവർത്തകൻ എന്നിവർ അംഗങ്ങളുമായാണ് ജില്ലാതല സമിതി രൂപീകരിച്ചിട്ടുള്ളത്. എക്സൈസ് കമ്മീഷണർ ചെയർമാനായും, കെ.എസ്.ബി.സി മാനേജിംഗ് ഡയറക്ടർ കൺവീനറായും, സാമൂഹ്യനീതി

| | | | |
|---|---|---|---|
| | | | ഡയറക്ടർ, സർക്കാർ നിർദ്ദേശിച്ച ഒരു സാമൂഹ്യ പ്രവർത്തക എന്നിവർ അംഗങ്ങളുമായാണ് സംസ്ഥാനതല സമിതി രൂപീകരിച്ചിട്ടുള്ളത്. ധനസഹായം ലഭിക്കുന്നതിനായി അപേക്ഷ ക്ഷണിച്ചുകൊണ്ട് പത്രവാർത്ത നൽകുകയും ലഭിച്ച അപേക്ഷകൾ ജില്ലാതല സമിതികൾ മാനദണ്ഡ പ്രകാരംപരിശോധിക്കുകയും അർഹതയുള്ള സ്ഥാപനങ്ങളുടെ അപേക്ഷകൾസംസ്ഥാനതല സമിതിയുടെ മുൻപാകെ ശുപാർശ ചെയ്യുകയും ചെയ്യുന്നു. ആയത് സംസ്ഥാനതല സമിതി വിശദമായി പരിശോധിക്കുകയും, യോഗ്യതയുള്ള സ്ഥാപനങ്ങൾക്ക് സർക്കാർ ധന സഹായം നൽകുകയുമാണ് ചെയ്യുന്നത്. |
| (സി) | എന്തെല്ലാം ധനസഹായങ്ങളാണ് പ്രസ്തുത കേന്ദ്രങ്ങൾക്ക് നൽകുന്നതെന്ന് വിശദമാക്കുമോ ; | (സി) | ലഹരി വിമുക്ത ചികിത്സ, ലഹരി വിമുക്ത ബോധവൽക്കരണ ചികിത്സാക്യാമ്പ് എന്നിങ്ങനെ രണ്ട് വിഭാഗങ്ങൾക്കായിട്ടാണ് ഇത്തരം സ്ഥാപനങ്ങൾക്ക് ധനസഹായം അനുവദിക്കുന്നത്. |
| (ഡി) | ഇതിനുള്ള ഫണ്ട് കോർപ്പറേഷൻ എങ്ങനെയാണ് കണ്ടെത്തുന്നത് ; വിശദാംശങ്ങൾ എന്തെല്ലാം ? | (ഡി) | കേരള സ്റ്റേറ്റ്ബിവറേജസ് കോർപ്പറേഷന്റെ വരുമാനത്തിൽ നിന്നും സാമൂഹിക പ്രതിബദ്ധതയുടെ ഭാഗമായി നീക്കിവെച്ചിട്ടുള്ള തുക ഉപയോഗിച്ചാണ് ഈ പദ്ധതിയുടെ ഫണ്ട് കണ്ടെത്തുന്നത് |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്

പതിമൂന്നാം കേരളനിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 6312</u> <u>08.07.2014 ൽ മറുപടിക്ക്</u>

<u>പത്രപ്രവർത്തകർക്കെതിരെയുള്ള പോലീസ് അതിക്രമങ്ങൾ</u>

| <u>ചോദ്യം</u> | <u>മറുപടി</u> |
|---|---|
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ .രമേശ് ചെന്നിത്തല<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി |
| (എ) ഈ സർക്കാർ അധികാരമേറ്റതിനു ശേഷം പത്രപ്രവർത്തകർക്കെതിരെ നടന്ന പോലീസ് അതിക്രമങ്ങളെക്കുറിച്ച് സംസ്ഥാന പോലീസ് മേധാവി പ്രത്യേകം അന്വേഷണം നടത്തുന്നുണ്ടോ ; | (എ) യും (ബി) യും പ്രത്യേകം അന്വേഷണം നടത്തുന്നില്ല. |
| (ബി) ഉണ്ടെങ്കിൽ ഇതു സംബന്ധിച്ചുള്ള വി ശദാംശങ്ങൾ ലഭ്യമാക്കുമോ ? | |

സെക്ഷൻ ഓഫീസർ

## പതിമൂന്നാം കേരള നിയമസഭ
### പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ: 6343

08.07.2014 - ൽ
മറുപടിയ്ക്ക്

## സിവിൽ പോലീസ് ഓഫീസർമാരുടെ സ്ഥലംമാറ്റം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ. ജി.എസ്. ജയലാൽ | | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പു മന്ത്രി) |
| (എ) 2010-ൽ ആംഡ് റിസർവ്വ്, ലോക്കൽ എന്നിവയുടെ സംയോജനം നടപ്പിലായ ശേഷം നാളിതുവരെയായി യാതൊരു തുടർ നടപടികളും സ്വീകരിക്കാത്തതുമൂലം കൊല്ലം എ.ആർ ക്യാമ്പിൽ മാത്രം 14 വർഷം വരെ സർവ്വീസുള്ള 300 ഓളം പോലീസുകാർക്ക് ലോക്കൽ സ്റ്റേഷനിലേക്ക് സ്ഥലം മാറ്റം ലഭിക്കാതെ ബുദ്ധിമുട്ടുന്ന കാര്യം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; എങ്കിൽ വിശദാംശം അറിയിക്കുമോ ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) യഥാസമയം സ്ഥലംമാറ്റം നടത്താതിരിക്കുകയും ജില്ലാന്തര സ്ഥലം മാറ്റത്തിന്റെ അനുപാതം കൂട്ടി നൽകുകയും ചെയ്യുന്നതുമൂലമുള്ള ക്രമരാഹിത്യം പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; | (ബി) | കൊല്ലം ജില്ലയിൽ ക്രമരാഹിത്യം ഉണ്ടായതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (സി) ലോക്കൽ പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനും, തസ്തികകൾ പുനർനിർണ്ണയം നടത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ? | (സി) | ലോക്കൽ പോലീസ് സ്റ്റേഷനുകളിലെ പോലീസ് ഉദ്യോഗസ്ഥരുടെ എണ്ണം വർദ്ധിപ്പിക്കുന്നതും, തസ്തികകൾ പുനർനിർണ്ണയം നടത്തുന്നതും സംബന്ധിച്ച് പ്രൊപ്പോസലുകളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

ചോദ്യം നമ്പർ : 6362

08.07.2014-ൽ മറുപടിക്ക്.

## സംസ്ഥാനത്തെ ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷനുകൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ | ശ്രീ. രമേശ് ചെന്നിത്തല (ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) സംസ്ഥാനത്ത് ആകെ എത്ര ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് സ്റ്റേഷനുകളാണുള്ളത്; | : (എ) 106 എണ്ണം |
| (ബി) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസിൽ ആകെ എത്ര ജീവനക്കാരാണുള്ളത്; | (ബി) 3135 ജീവനക്കാർ |
| (സി) നിലവിൽ വിവിധ തസ്തികകളിൽ ആകെ എത്ര ഒഴിവുകളാണുള്ളതെന്ന് വ്യക്തമാക്കുമോ; | : സി) 1238 ഒഴിവുകൾ. ഈ ഒഴിവുകൾ പി.എസ്.സി, പ്രൊമോഷൻ, ബൈട്രാൻസ്ഫർ എന്നിവ മുഖേനയാണ് നികത്തുന്നത്. |

| | | |
|---|---|---|
| 1. | അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ | 2 (1 പി.എസ്.സി മുഖേന, 1 പ്രൊമോഷൻ മുഖേന) |
| 2. | സ്റ്റേഷൻ ഓഫീസർ | 2 (പ്രൊമോഷൻ മുഖേന) പിഎസ്സി മുഖേന നികത്തേണ്ട 14 ഒഴിവുകൾ നിലവിലുണ്ടെങ്കിലും നിയമനം വൈകുന്ന സാഹചര്യത്തിൽ ഈ ഒഴിവുകളിൽ 14 പേരെ താൽക്കാലികമായി പ്രൊമോട്ടു ചെയ്ത് ഒഴിവുകൾ നികത്തിയിട്ടുണ്ട്. |
| 3. | സ്റ്റേഷൻ ഓഫീസർ (മോട്ടോർ ട്രാൻസ്പോർട്ട്) | 1 (ബൈ ട്രാൻസ്ഫർ മുഖേന) |
| 4. | അസിസ്റ്റന്റ് സ്റ്റേഷൻ ഓഫീസർ | 4 (പ്രൊമോഷൻ മുഖേന) |
| 5. | ലീഡിംഗ് ഫയർമാൻ | 54 (പ്രൊമോഷൻ മുഖേന) |
| 6. | ഫയർമാൻ ഡ്രൈവർ കം-പമ്പ് ഓപ്പറേറ്റർ | 53 (പിഎസ്.സി മുഖേന) |
| 7. | ഡ്രൈവർ മെക്കാനിക്ക് | 6 (പ്രൊമോഷൻ മുഖേന) |
| 8. | ഫയർമാൻ | 1098 (പിഎസ്സി മുഖേന) |
| 9. | ജൂനിയർ സൂപ്രണ്ട് | 1 (പ്രൊമോഷൻ മുഖേന) |
| 10. | ക്ലാർക്ക് | 5 (പിഎസ്സി മുഖേന) |

| | | |
|---|---|---|
| 11. | ടൈപ്പിസ്റ്റ് | 2 (പി.എസ്.സി മുഖേന) |
| 12. | ഓഫീസ് അറ്റൻഡന്റ് | 2 (പി.എസ്.സി മുഖേന) |
| 13. | പാർട്ട് ടൈം സ്വീപ്പർ | 8 (എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന) |

(ഡി) ഏതെല്ലാം തസ്തികകളിലേക്ക് പി.എസ്.സി ലിസ്റ്റ് നിലവിലുണ്ട് എന്ന് വ്യക്തമാക്കുമോ;

: (ഡി) Fireman Driver cum Pump Operator തസ്തികയ്ക്ക് NCA (NCA-SC,ST,M, LC,V&OX) വിജ്ഞാപന പ്രകാരമുള്ള റാങ്ക് ലിസ്റ്റ് 29.04.2014-ൽ നിലവിൽ വന്നു.

(ഇ) ഏതെല്ലാം ജില്ലകളിൽ പി.എസ്.സി ലിസ്റ്റ് നിലവിലുണ്ട്;

: (ഇ) ഫയർ ആന്റ് റെസ്ക്യൂ സർവ്വീസസ് വകുപ്പിലേക്ക് സംസ്ഥാന തലത്തിലാണ് തെരഞ്ഞെടുപ്പ് നടത്തുന്നത്.

(എഫ്) പി.എസ്.സി. റാങ്ക് ലിസ്റ്റ് നിലവിലുള്ള തസ്തികകളിലേയ്ക്ക് നിയമനം ത്വരിതപ്പെടുത്തുന്നതിന് സ്വീകരിച്ച നടപടികളും ഇപ്പോൾ ഓരോ തസ്തികയിലും റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ള ഒഴിവുകളും വ്യക്തമാക്കാമോ?

: (എഫ്) ഒഴിവുകൾ യഥാസമയം പബ്ലിക് സർവ്വീസ് കമ്മീഷന് റിപ്പോർട്ട് ചെയ്തുവരുന്നു. അസിസ്റ്റന്റ് ഡിവിഷണൽ ഓഫീസർ-1, സ്റ്റേഷൻ ഓഫീസർ -14, ഫയർമാൻ ഡ്രൈവർ കം-പമ്പ് ഓപ്പറേറ്റർ - 53, ഫയർമാൻ -1010, ക്ലാർക്ക് -1, ടൈപ്പിസ്റ്റ്-2, ഓഫീസ് അറ്റൻഡന്റ്-2 എന്നീ ഒഴിവുകൾ പബ്ലിക് സർവ്വീസ് കമ്മീഷനു റിപ്പോർട്ടു ചെയ്തിട്ടുണ്ട്. 14 സൂപ്പർ ന്യൂമററി തസ്തിക നിലനിൽക്കുന്നതിനാൽ ക്ലാർക്കുമാരുടെ 4 ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്തിട്ടില്ല. ഫയർമാൻ തസ്തികയിലെ ശേഷിക്കുന്ന ഒഴിവുകൾ പി.എസ്.സി.ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 6410      08.07.2014 ൽ മറുപടിക്ക്

## ബഹുവിധ യാത്രാസൗകര്യം ഉറപ്പാക്കുന്ന പദ്ധതികൾ

| ചോദ്യം | | | ഉത്തരം |
|---|---|---|---|
| ഡോ. എൻ. ജയരാജ്:<br>ശ്രീ. റോഷി അഗസ്റ്റിൻ:<br>,, പി.സി. ജോർജ് : | | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്ട്സും സിനിമയും വകുപ്പുമന്ത്രി) |
| (എ) | സംസ്ഥാനത്ത് വൈറ്റില മൊബിലിറ്റി ഹബ്ബ്, തിരുവനന്തപുരം മൾട്ടി മോഡൽ ഹബ്ബ് മാതൃകയിൽ കൂടുതൽ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുവോ; വിശദാംശങ്ങൾ നൽകുമോ ; | (എ) യും (ബി) യും (സി) യും | ഉണ്ട്. വിവിധ ജില്ലകളിൽ അത്തരത്തിൽ വിഭാവനം ചെയ്തിരിക്കുന്ന പദ്ധതികളുടെ വിശദാംശം ജില്ല തിരിച്ച് താഴെകൊടുത്തിരിക്കുന്നു,<br>**1. തിരുവനന്തപുരം ജില്ല** - തിരുവനന്തപുരം വിമാനത്താവളത്തിലേക്ക് ആകാശ, റോഡ്, റെയിൽ, ഉൾനാടൻ ജലഗതാഗത, കടൽ മാർഗ്ഗേന യാത്രാസൗകര്യം നല്കുന്ന ഒരു മൾട്ടി മോഡൽ ഗതാഗത ഹബ്ബ് ഒരുക്കാനുള്ള നിർദ്ദേശം എയർപോർട്ട്സ് അതോറിറ്റി ഓഫ് ഇന്ത്യ സമർപ്പിച്ചിട്ടുണ്ട്. പാർവതീ പുത്തനാറിന്റെ നവീകരണം ഈ പദ്ധതിയുടെ ഭാഗമാണ്. ഈ സൗകര്യം യാത്രക്കാരുടേയും, ചരക്കിന്റേയും നീക്കം കൂടുതൽ വേഗത്തിലും അനായസമാക്കുകയും അനുബന്ധ പ്രവൃത്തികളെ പ്രോത്സാഹിപ്പിക്കുകയും എയർപോർട്ടിന്റെയും ചുറ്റുമുള്ള പ്രദേശത്തിന്റേയും വികസനത്തിന് ഹേതുവാകുകയും ചെയ്യും.<br>**2. ആലപ്പുഴ ജില്ല** - ആലപ്പുഴ ജില്ലയിൽ മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള സാദ്ധ്യതാ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ കിറ്റ്കോയ്ക്ക് നിർദ്ദേശം നല്കിയിട്ടുണ്ട്.<br>**3. കോട്ടയം ജില്ല** - കോട്ടയം ജില്ലയിൽ കോടിമതയിൽ റോഡ്-റെയിൽ-ജല ഗതാഗത സംവിധാനങ്ങൾ |
| (ബി) | പ്രസ്തുത ഹബ്ബുകളുടെ പ്രധാന ഘടകങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ ; | | |
| (സി) | പ്രധാനപ്പെട്ട ഗതാഗത മാധ്യമങ്ങളായ എയർ, റെയിൽ, റോഡ്, ഇൻലാന്റ് വാട്ടർ ഗതാഗതം, കടൽ ഗതാഗതം മുതലായവയെ സഹകരിപ്പിച്ചുകൊണ്ട് ബഹുവിധ യാത്രാസൗകര്യം ഉറപ്പാക്കുന്ന പദ്ധതികൾ സംസ്ഥാനത്ത് അനുയോജ്യമായ ഇടങ്ങളിൽ നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | | |

സംയോജിപ്പിച്ച് ഒരു മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നതിന് ഒരു സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ രൂപീകരിക്കുവാനും ചാരിറ്റബിൾ സൊസൈറ്റി ആക്ട് അനുസരിച്ച് സൊസൈറ്റി രജിസ്റ്റർ ചെയ്യുവാൻ 09.08.2011 ലെ തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പിന്റെ സ.ഉ(സാധാ) നം. 1907/2011/തസ്വഭവ അനുസരിച്ച് ഉത്തരവ് നൽകിയതും 1955 ലെ 12-ാം മത് തിരുവിതാംകൂർ-കൊച്ചി സാഹിത്യ ശാസ്ത്രീയ, ധർമ്മ സംഘങ്ങൾ രജിസ്റ്റർ ആക്റ്റ് പ്രകാരം അനുസരിച്ചുള്ള കെ-01/2012 നമ്പരിൽ കോടിമത മൊബിലിറ്റി ഹബ്ബ് സൊസൈറ്റി കളക്ടറേറ്റ്, കോട്ടയം രജിസ്റ്റർ ചെയ്തിട്ടുള്ളതുമാകുന്നു.

ഗതാഗത സൗകര്യങ്ങൾ മെച്ചപ്പെടുത്തി കോട്ടയം ടൗണിലെ തിരക്കു കുറയ്ക്കുന്നതിനും അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ടി പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നു.

<u>4. എറണാകുളം ജില്ല</u> - ബഹുവിധമായ യാത്രാ സൗകര്യങ്ങൾ ഏകോപിച്ച് കൊച്ചി നഗരത്തിൽ "ഏകീകൃത നഗര യാത്ര അതോറിറ്റി"(UMTA) രൂപീകരിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. അതനുസരിച്ച് നടപടികൾ എടുത്തുവരുന്നു.

<u>5. തൃശ്ശൂർ ജില്ല</u> - തൃശ്ശൂർ ജില്ലയിൽ അയ്യന്തോൾ പുഴക്കൽ പാടത്ത് വൈറ്റില മൊബിലിറ്റി ഹബ്ബ് മാതൃകയിൽ ഒരു മൊബിലിറ്റി ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനായി തൃശ്ശൂർ മൊബിലിറ്റി ഹബ്ബ് സൊസൈറ്റിക്ക് രൂപം നൽകിയിട്ടുണ്ട്. തൃശ്ശൂർ നഗരത്തിൽ വർദ്ധിച്ചുവരുന്ന ഗതാഗത കുരുക്കിന് പരിഹാരം കാണുന്നതിനാണ് മൊബിലിറ്റി ഹബ് സ്ഥാപിക്കുന്നത്. ദീർഘദൂര ബസ്സുകൾ അന്തർസംസ്ഥാന ബസ്സുകൾ എന്നീ വാഹനങ്ങൾ നഗരത്തിൽ പ്രവേശിക്കാതെ മൊബിലിറ്റി ഹബ്ബിൽ പ്രവേശിച്ച് വിവിധ ഭാഗങ്ങളിലേക്ക് സർവ്വീസ്

| | | | |
|---|---|---|---|
| | | | നടത്തുകയാണ് പ്രധാന ലക്ഷ്യം. ഘട്ടംഘട്ടമായി നടപ്പാക്കാനുദ്ദേശിക്കുന്ന പ്രസ്തുത പദ്ധതിയിൽ ദീർഘദൂര ബസ്സുകൾ, അന്തർസംസ്ഥാന ബസ്സുകൾ, ടൂറിസ്റ്റ് ബസ്സുകൾ, മൊഫ്യൂസിൽ ബസ്സുകൾ എന്നി വാഹനങ്ങൾക്ക് പ്രത്യേകം ടെർമിനലുകൾ സ്ഥാപിച്ച് യാത്രക്കാർക്ക് യഥേഷ്ടം അവരുടെ യാത്രാഗതി തിരഞ്ഞെടുക്കുന്നതിനുള്ള സൗകര്യം ഒരുക്കുകയും ചെയ്യുക എന്നതും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.<br>**<u>6. കോഴിക്കോട് ജില്ല -</u>** കോഴിക്കോട് റീജണൽ ട്രാൻസ്പോർട്ട് ഓഫീസർ, കോഴിക്കോട് മലാപ്പറമ്പ് എന്ന സ്ഥലത്ത് ഒരു മൾട്ടി മൊബിലിറ്റി ഹബ്ബ് നിർമ്മിക്കാനുള്ള പ്രൊപ്പോസൽ ട്രാൻസ്പോർട്ട് കമ്മീഷണർക്ക് സമർപ്പിച്ചിട്ടുണ്ട്. ബസ്സ്റ്റാന്റ്, ക്ലോക്ക് റൂം, തിയറ്റർ, ഓട്ടോ പെട്രോൾ പമ്പ്, റസ്റ്റോറന്റ്, കടകൾ, ടാക്സി സ്റ്റാന്റ്, ട്രാഫിക് പോലീസ് കൺട്രോൾ റൂം, ബസ് ബേ, കരയിലൂടെയുള്ള ചരക്ക്/യാത്രാ ഗതാഗതം തിരക്ക് കുറയ്ക്കുന്നതിനും അന്തരീക്ഷ മലിനീകരണം കുറയ്ക്കുന്നതിനുമായി ഇന്ത്യയിലെ വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ചു കൊണ്ട് കേരള സർക്കാർ തീരദേശ കപ്പൽ ഗതാഗത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. കോഴിക്കോട് ജില്ലയിൽ ബേപ്പൂർ തുറമുഖം അതിൽ ഉൾപ്പെടുന്നുണ്ട്. തീരദേശ കപ്പൽ ഗതാഗതം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേരള സർക്കാർ കാർഗോ/പാസഞ്ചർ നീക്കത്തിന് ടൺ/യാത്രക്കാർ എന്നിവയ്ക്ക് കിലോമീറ്ററിന് ഒരു രൂപ നിരക്കിൽ 16.01.2014 മുതൽ ഒരു വർഷത്തേക്ക് ഇൻസന്റീവ് നൽകുവാൻ തീരുമാനിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:6518 09.07.2014 ൽ മറുപടിക്ക്

## കൊയിലാണ്ടി റെയിൽവേ സ്റ്റേഷനിലെ അടിസ്ഥാനസൗകര്യങ്ങൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ദാസൻ: | | ശ്രീ. ആര്യാടൻ മുഹമ്മദ് (ഊർജ്ജ വകുപ്പുമന്ത്രി) | |
| (എ) | കൊയിലാണ്ടി റെയിൽവേ സ്റ്റേഷൻ സ്ഥാപിതമായത് എന്നാണ് എന്ന് വ്യക്തമാക്കുമോ; | (എ) | 1906 ൽ. |
| (ബി) | ഈ സ്റ്റേഷന്റെ പരിമിതികളും യാത്രക്കാർക്ക് മതിയായ അടിസ്ഥാനസൗകര്യങ്ങൾ ഇല്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ബി) യും (സി) യും | ഉണ്ട്. പ്ലാറ്റ് ഫോം മുറിച്ചു കടക്കുന്നതിന് ഫുട്ട് ഓവർ ബ്രിഡ്ജില്ലാത്തതും പ്ലാറ്റ് ഫോമിന് മേൽ കൂരയില്ലാത്തതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കൂടാതെ പ്ലാറ്റ്ഫോം ഫ്ളോറിംഗ്, റിസർവേഷൻ, ടോയ്‌ലറ്റ്, പാർക്കിംഗ് എന്നീ സൗകര്യങ്ങൾ അപര്യാപ്തമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ സ്റ്റേഷൻ ബിൽഡിംഗ് പുതുക്കിപ്പണിയുന്നതിനും പ്ലാറ്റ് ഫോം ഷെൽറ്ററുകൾ, ഫുട്ട് ഓവർ ബ്രിഡ്ജ് എന്നിവ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ നിലവിലുണ്ട്. |
| (സി) | ഉണ്ടെങ്കിൽ പ്രസ്തുത റെയിൽവേ സ്റ്റേഷന്റെ വികസനത്തിനായി സംസ്ഥാന സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | | |
| (ഡി) | റെയിൽവേ സ്റ്റേഷനിൽ പ്ലാറ്റ്ഫോം എക്സ്റ്റൻഷനും റെയിൽവേ മേൽപ്പാലവും വന്നതോടെ പന്തലായനി-പെരുവട്ടൂർ ഭാഗത്തുള്ള ജനങ്ങൾക്ക് കൊയിലാണ്ടി ടൗണിലേക്ക് കാൽനടയായി വരുന്നതിന് സ്റ്റേഷനിൽ ഒരു ഫുട്ട് ഓവർ ബ്രിഡ്ജ് വേണം എന്നുള്ള ആവശ്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; | (ഡി) | ഉണ്ട്. ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മാണം സംബന്ധിച്ച പ്രപ്പോസൽ സർക്കാർ പരിശോധിച്ചു വരികയാണ്. |

| | | | |
|---|---|---|---|
| (ഇ) | കൊയിലാണ്ടി റെയിൽവേ സ്റ്റേഷനിൽ റെയിൽ മുറിച്ചുകടക്കാൻ സൗകര്യമില്ലാത്ത സാഹചര്യത്തിൽ ഒരു കുട്ടിയടക്കം നിരവധി പേർ സമീപകാലത്ത് ട്രെയിൻ തട്ടി മരണപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എത്ര പേർ മരണപ്പെട്ടിട്ടുണ്ട്; | (ഇ) | ഉണ്ട്. 6 പേർ മരണപ്പെട്ടിട്ടുണ്ട്. |
| (എഫ്) | എങ്കിൽ ഇത് ആവർത്തിക്കാതിരിക്കാനും ജനങ്ങൾക്ക് സുരക്ഷിതത്വം ഉറപ്പാക്കാനും ഫുട്ട് ഓവർ ബ്രിഡ്ജ് നിർമ്മിക്കാൻ അടിയന്തര നടപടികൾ സ്വീകരിക്കുമോ; | (എഫ്) | നടപടി സ്വീകരിക്കുന്നതാണ്. |
| (ജി) | പ്രസ്തുത ഫുട്ട് ഓവർ ബ്രിഡ്ജിന്റെ ആവശ്യകത സ്ഥലം എം.എൽ.എ. ഉന്നയിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (ജി) | ഉണ്ട്. |
| (എച്ച്) | ജനങ്ങളുടെ വളരെ പ്രധാനപ്പെട്ട ഒരു ആവശ്യമെന്ന നിലയിൽ ഇക്കാര്യം പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ? | (എച്ച്) | ഇക്കാര്യം സർക്കാരിന്റെ സജീവ പരിഗണനയിലാണ്. |

സെക്ഷൻ ഓഫീസർ